(സി) അതുകൂടാതെ ഹർജികൾക്കുള്ളതിനെ നിയമപ്രകാരം നടപടി നടത്താൻ കല്പിട്ടുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥൻ ചെയ്തു വല്ല പ്രവൃത്തിയാലോ വല്ലതും ചെയ്യാൻ വിട്ടുപോയതു നിമിത്തമോ ജനിക്കുന്ന അവകാശങ്ങളേയും വൈഷമ്യങ്ങളേയും പറ്റി പറയുന്ന ഹർജികൾ.

(ഡി) ശിക്ഷാനിയമത്തിലെ ൩൨൦-ാം വകുപ്പു അനുസരിച്ചുള്ള അഭിപ്രായത്തിന്മേൽ മജിസ്ട്രേട്ടന്മാർക്കു കൊടുക്കുന്ന ആവലാതികൾ.

(ഇ) മിസ്റ്റർ ചെല്ലപ്പയ്യരുടെ ബോധിപ്പിച്ച നിവേദനത്തിലെ (i) ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പ്രമാണങ്ങളുടെ നകൽ കിട്ടാനുള്ള അപേക്ഷകൾ.

(എഫ്) ജനനമരണ രജിസ്ട്രേഷനെ സംബന്ധിച്ചു, ജനനമരണങ്ങൾക്കു സാക്ഷ്യപത്രമായി ഏല്പിച്ചിട്ടുള്ള ചിത്രങ്ങൾ കൊടുക്കാൻ അപേക്ഷകൾ.

(ജി) പ്രതികളെ വിട്ടയച്ചുകൊണ്ടു വിധിക്കുന്ന കേസുകളിൽ, അവരുടെ കൈവശത്തിൽനിന്നു പിടിച്ചെടുത്ത സാമാനങ്ങളെ മടക്കി കിട്ടുന്നതിനു അവർ കൊടുക്കുന്ന അപേക്ഷകൾ.

(എച്ച്) പൊലീസുകാർ നേരിട്ടു എടുക്കാവുന്ന ഒരു കുറ്റം നടക്കാൻ പോകുന്നതായി ഒരു മജിസ്ട്രേട്ടിനെ അറിയിക്കുന്ന ഹർജികൾ.

(ഐ) ക്രിമിനൽ കേസുകളിൽ രാജി ഹർജികൾ.

ഓരോ കോർട്ടിലും അനുവദിക്കുന്ന നടപടി മാമൂലിൻപ്രകാരം ഇരിക്കണം എന്നു ചെറിയ മാറ്റങ്ങൾ മേൽപ്പറഞ്ഞ സംഗതികളെ സംബന്ധിച്ചു ബോധിപ്പിക്കയും,

(i) ശ്രീമൂലം പ്രജാസഭാ മെമ്പർമാർ, അവർ അപ്രകാരം മെമ്പർമാരായിരിക്കുന്ന കാലത്തിൽ, ഗവർമ്മെന്റിനു അയയ്ക്കുന്ന ഹർജികളുടെ കോർട്ടുഫീസ് കൊടുക്കുന്നതിൽ നിന്നു ഒഴിവാക്കണം എന്നും

(ii) പൊലീസുകാർ നേരിട്ടു എടുക്കാവുന്ന കേസുകളിൽ വിചാരണയുടെ വല്ല ഘട്ടത്തിലും കൊടുക്കുന്ന അപേക്ഷകളെ കോർട്ടുഫീസ് ചുമത്തുന്നതിൽനിന്നു ഒഴിവാക്കണം എന്നും

(iii) മിസ്റ്റർ ചെല്ലപ്പയ്യരുടെ ബോധിപ്പിച്ച നിവേദനത്തിലെ (ii)-ാം വകുപ്പിൽ പറയപ്പെട്ട പ്രമാണങ്ങളുടെ നകൽ കിട്ടാനുള്ള അപേക്ഷകളെ കോർട്ടുഫീസിൽ നിന്നു ഒഴിവാക്കണം എന്നും അഭിപ്രായപ്പെടുകയും ചെയ്തു.

(iv) മിസ്റ്റർ ചെല്ലപ്പയ്യരോടു മിസ്റ്റർ ... ഉപചോദ്യം ഉപചോദിച്ചതിൻ പ്രകാരം പറഞ്ഞു:—

(i) ... വകുപ്പിൽ ... പ്രതി ... ഉപയോഗിക്കാവുന്ന ... ഉൾപ്പെടുത്തണം ... വ്യാഖ്യാനിക്കപ്പെടുന്നു; ... കോർട്ടുഫീസ് ... പതിച്ചിട്ടില്ലാത്ത യാതൊരു റിക്കാർഡും യാതൊരു കോർട്ടിലും സ്വീകരിക്കുന്നതല്ല.

(ii) പൊലീസുകാർ നേരിട്ട് എടുക്കാവുന്ന കേസുകളിൽ, കോർട്ടുഫീസ് കൊടുക്കാതിരിക്കുന്നതിനാൽ സാധാരണയായി അപ്രകാരം തയ്യാറാക്കപ്പെട്ട എന്ന കാരണത്താൽ അവയ്ക്കു കോർട്ടുഫീസ് ചുമത്തുന്നു.

(iii) ഉത്തരവു, വിധി, വിധിന്യായം മുതലായി ഏതു റിക്കാർഡിന്റെ പകർപ്പു ആവശ്യപ്പെടുന്നതായാലും അതുസംബന്ധിച്ച് ഒരേ അപേക്ഷ കൊടുക്കേണ്ടതാണെന്നു ചില കോർട്ടുകൾ നിഷ്കർഷിക്കുന്നു.

(iv) ഒരു ആരൂപാ സ്ലാമ്പു കടലാസിൽ ഒരു റെവന്യൂ കച്ചേരിയിൽ നിന്നും വാങ്ങിക്കുന്ന ഒരു റിക്കാർഡിന്റെ ഓരോ പകർപ്പിനും, അതിനെ കോർട്ടുകളിൽ തെളിവായി ചേർക്കുമ്പോൾ, ഒരു ആരൂപാ കോർട്ട്ഫീ സ്ലാമ്പു പതിക്കേണ്ടിയിരിക്കുന്നു.

(v) ഒരു ഒറ്റ അപേക്ഷയിൽ ഒരു റെവന്യൂ കച്ചേരിയിൽ നിന്നു വാങ്ങിക്കുന്ന ഒരു കൂട്ടം റിക്കാർഡുകളുടെ മഹസ്സറിലേക്കും പകർപ്പുകൾ തെളിവായി ചേർക്കുമ്പോൾ, ഈ പകർപ്പുകൾ ഓരോന്നിലേക്കും—ഉദാഹരണം—ചിറാ, സർവ്വേ പ്ലാൻ, തണ്ടപ്പേർ മുതലായവയുടെ പകർപ്പുകൾ—ഒരു ആരൂപാ സ്ലാമ്പു പതിക്കണമെന്നു ചില കോർട്ടുകൾ ആവശ്യപ്പെടുന്നു.

(vi) റെവന്യൂ കച്ചേരികളിൽ വക്കാലത്തുകൾ ആരൂപയ്ക്കുള്ള ജെനറൽ സ്ലാമ്പു കടലാസിൽ എഴുതി ഹാജരാക്കേണ്ടിയിരിക്കുന്നു. അതിനുപുറമെ, റെഗുലേഷനിലെ [illegible] പട്ടികയിൽ [illegible] വകുപ്പിൻപ്രകാരം ആ വക്കാലത്തുകൾക്ക് പതിക്കാൻ അനുവദിച്ചിരിക്കുന്ന ഒരു ആരൂപ കോർട്ടുഫീ സ്ലാമ്പു പതിക്കണം എന്നും ചില കോർട്ടുകൾ നിർബന്ധിക്കുന്നു.

൪. ഗവർൺമെണ്ടു നിയമിച്ച മെമ്പർ മിസ്റ്റർ കെ. മൈതീൻപിള്ള ഇപ്രകാരം ബോധിപ്പിച്ചു.—

(i) വിധികളുടെയോ വിധികളുടെ ബലം ഉള്ള ഉത്തരവുകളുടെയോ പകർപ്പുകളിൽ വല്ലതിനേയും തെളിവായി ഹാജരാക്കുമ്പോൾ മാത്രമെ അവയ്ക്കു കോർട്ട്ഫീ സ്ലാമ്പുകൾ പതിക്കേണ്ടു എന്നു ഹൈക്കോർട്ട് പ്രൊസീഡിംഗ്സ് ഉണ്ടായിരുന്നിട്ടും, ൧-ം പട്ടികയിലെ ൯-ം ൭-ം വകുപ്പുകൾ അനുസരിച്ചു ചില കോർട്ടുകളിൽ ആ പകർപ്പുകൾക്കു കോർട്ട്ഫീസ് ചുമത്തുന്നുണ്ടു.

(ii) കേസിനുവേണ്ട പ്രമാണങ്ങളുടെ പകർപ്പുകളെ മുൻകൂട്ടി വാങ്ങിക്കുമ്പോൾ അവയ്ക്കു ഒരു ആരൂപ കോർട്ടുഫീ സ്ലാമ്പു പതിക്കേണ്ടിയിരിക്കുന്നതുകൊണ്ടു, അവരുടെ കൈവശമുള്ള പ്രമാണങ്ങളെ കോടതികളിൽ ഹാജരാക്കാൻ സാക്ഷികൾക്കു മനസ്സില്ല. തന്നിമിത്തം, കക്ഷികൾക്കു ശരിയായുള്ള തെളിവിന്റെ ഗുണം പ്രായേണ നഷ്ടമായി ഭവിക്കുന്നു,

(iii) വിധിത്തുക ഈടായതിന്മേൽ, നംബറു കൊടുക്കുന്നതിനു കൊടുക്കുന്ന അപേക്ഷകൾക്കു ചില കോർട്ടുകളിൽ കോർട്ട്ഫീസ് ചുമത്തുന്നു.

(iv) ചെല്ലാനുകളും ചെക്കുകളും കിട്ടാനുള്ള അപേക്ഷകളെ കോർട്ട്ഫീസ് കൊടുക്കുന്നതിൽ നിന്നു ഒഴിവാക്കേണ്ടതു അത്യാവശ്യമായി ആകുന്നു.

(v) വിധിനടത്തു നടപടികൾക്കും സിവിൽ നടപടിനിയമം ൫൩൭-ം വകുപ്പു അനുസരിച്ചു റിമാൻഡ് ചെയ്യപ്പെട്ട വ്യവഹാരങ്ങൾ നടത്തുന്നതിലേക്കും മറ്റുപ്രകാരം സ്ലാമ്പു പതിക്കപ്പെട്ട പുതിയ വക്കാലത്തുകൾ ആവശ്യപ്പെടുന്നു.

ഈ നിവേദനങ്ങളുടെയും നിർദ്ദേശങ്ങളുടെയും ഹൈക്കോർട്ടിനു അഭിപ്രായത്തിനയച്ചു, അവരുടെ അഭിപ്രായങ്ങൾ വന്നിരിക്കുന്നു,

അതിന്മേൽ ചെയ്യ ഉത്തരവു നംബർ J. ൭൦൨, തിരുവനന്തപുരം, ൧൧൧൭-ം വർഷം ക്കുംഭമാസം ൧൪-ാം.

മെമ്പറന്മാരുടെ നിർദ്ദേശങ്ങളെയും അവയിന്മേൽ ഹൈക്കോർട്ടിനുള്ള അഭിപ്രായങ്ങളെയും ഗവർൺമെണ്ടു സശ്രദ്ധം പര്യാലോചിച്ചു.

൨. മിസ്റ്റർ കൊച്ചുകുഞ്ഞു കുറുപ്പു ബോധിപ്പിച്ച നിവേദനത്തെപ്പറ്റിയാകട്ടെ—മെമ്പർ വാദിച്ച ഒന്നും മൂന്നും വിഷയങ്ങൾ അവകാശം കൊടുക്കുക ഇല്ലാത്തതും ആണോ എന്നും വ്യവഹാരങ്ങളിൽ സാക്ഷികൾ ഹാജരാക്കുന്ന പ്രമാണങ്ങൾ മുൻകൂട്ടി വാങ്ങിക്കുന്നതു സംബന്ധിച്ചു രണ്ടാമത്തെ വിഷയം പരിഗണിക്കേണ്ടതാകുന്നു എന്നും ഹൈക്കോർട്ട് അഭിപ്രായപ്പെടുന്നു. ഈ വക അപേക്ഷകളെ ൧൧൧൭-ം വർഷം [illegible]മാസം ൨൭-ലെ J. ൬൭൫-ാം നംബർ പ്രസിദ്ധത്താൽ കോർട്ട്ഫീസ് കൊടുക്കുന്നതിൽനിന്നും ഇതിനു മുമ്പിലെ ഒഴിവാക്കിയിരിക്കുന്നു.

൩. മിസ്റ്റർ സി. കെ. കൃഷ്ണപിള്ളയുടെ നിവേദനം സംബന്ധിച്ചാകട്ടെ—

(i) വസ്തുക്കളുടെ വില്പനവിലയെ കണക്കുകൂട്ടുന്ന കാര്യത്തിൽ ഏതുരീതി വേണ്ടതാണെന്നും ൯-ം വകുപ്പു ൫-ം ഖണ്ഡത്തിൽ വിവരിച്ചിട്ടുള്ള "മൊത്തം ആദായം" എന്ന വാക്കുകൾക്കു നിലങ്ങളുടെ കാര്യത്തിൽ കൃഷിച്ചിലവുകളും പുരയിടങ്ങളുടെ കാര്യത്തിൽ അറ്റകുറ്റമുള്ള സംരക്ഷണച്ചിലവുകളും കഴിച്ചു ബാക്കിയുള്ള മൊത്തം വിളവു എന്നു അർത്ഥമാക്കണം എന്നും,

(ii) ഈടിനെ സമ്മതിക്കുന്നതായാൽ, സമ്മതിച്ച ഭാഗംകഴിച്ചുള്ള ജന്മാവകാശത്തിന്റെ വിലയിന്മേൽ കോർട്ടുഫീസു ചുമത്തുന്നു എന്നും ഈടു അസാധുവാണെന്നു വാദിക്കുമ്പോൾ തീറാധാരത്തിൽ പറഞ്ഞിട്ടുള്ളതുകയ്ക്കു കോർട്ടുഫീസു ചുമത്തുന്നു എന്നും,

(iii) നിവേദനത്തിലെ (എ) മുതൽ (ഡി) വരെ ഉപഖണ്ഡങ്ങളിൽ ഉൾപ്പെടുത്തിട്ടുള്ളവയെ ഒഴിച്ചു മെമ്പർ പ്രസ്താപിച്ച എല്ലാ ഹർജികളേയും അപേക്ഷകളേയും കോർട്ട് ഫീസ് കൊടുക്കുന്നതിൽ നിന്നു ഒഴിവാക്കാം എന്നും,

ഹൈക്കോർട്ടു അഭിപ്രായപ്പെട്ടിരിക്കുന്നു

ഗവർന്മെണ്ടു ഹൈക്കോർട്ടിന്റെ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നു. കോർട്ട്ഫീസു ചുമത്തുന്നതിൽ നിന്നു ഒഴിവാക്കണമെന്നു ഹൈക്കോർട്ട് ശുപാർശി ചെയ്തിരിക്കുന്ന ഹർജികളേയും അപേക്ഷകളേയും മേൽ ൨-ം പാരാവിൽ പ്രസ്താവിച്ച പരസ്യത്തിൽ ഇതിനു മുമ്പിലെ ഒഴിവാക്കിയിരിക്കുന്നു

൪. മിസ്റ്റർ ഷഡാക്ഷര സുന്ദരംപിള്ളയുടെ നിർദ്ദേശങ്ങൾ സംബന്ധിച്ചു, (iii)-ം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ളതൊഴിച്ചു മെമ്പർ പ്രസ്താപിച്ചിട്ടുള്ള അപേക്ഷകളെ ഒഴിവാക്കേണ്ടതല്ല എന്നു ഹൈക്കോർട്ട് അഭിപ്രായപ്പെട്ടിരിക്കുന്നു. ഗവർന്മെണ്ടു ഹൈക്കോർട്ടിന്റെ അഭിപ്രായത്തെ സ്വീകരിക്കയും വേണ്ട ഉത്തരവുകൾ മേൽ പ്രസ്താവിച്ച പരസ്യത്തിൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്.

൫. മിസ്റ്റർ വടക്കൻ ഉലഹന്നാൻ ഉലഹന്നാൻ ചെയ്ത നിർദ്ദേശങ്ങൾ സംബന്ധിച്ച് ഹൈക്കോർട്ട് ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.—

(i) മെമ്പർ പ്രസ്താപിച്ചതായ കോർട്ടുഫീസ് റെഗുലേഷനിലെ വകുപ്പു തിരുവിതാംകോട്ടു റെഗുലേഷനിൽ ഒരു പുതിയ വ്യവസ്ഥയായി കാണപ്പെടുന്നില്ല. അതിനെ കോടതികൾ തെറ്റായി വ്യാഖ്യാനിച്ചു സംബന്ധിപ്പിക്കുന്നില്ല

(ii) പൊലീസുകാർ നേരിട്ടു എടുക്കാവുന്ന കേസുകളിൽ ആവലാതികൾക്കു കോർട്ടുഫീസ് ചുമത്തുന്നതു സംബന്ധിച്ച വ്യവസ്ഥ തിരുവിതാംകോട്ടിനു പ്രത്യേകമായിട്ടുള്ളതല്ല. അതു നല്ലതാണെന്നും കാണുന്നു. വല്ല കോർട്ടും തെറ്റായി സംബന്ധിപ്പിക്കുന്നതായാൽ അതിനെ ശരിപ്പെടുത്തിക്കിട്ടാവുന്നതാണ്

(iii) മെമ്പർ പരാതി പറഞ്ഞതായ (ii)-ം (iii)-ം (iv)-ം (v)-ം ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ ന്യായമാണെന്നു ഹൈക്കോർട്ടിനു തോന്നുന്നു. കാര്യനടപ്പിൽ ഏകരീതി ഇല്ലെന്നു കാണപ്പെട്ടിട്ടും ഇല്ല

(iv) റെവന്യൂ കച്ചേരികളിൽ ഹാജരാക്കുന്ന വക്കാലത്തുകൾക്കു കോർട്ടുഫീസ് സ്റ്റാമ്പുകൾ മാത്രം പതിച്ചാൽ മതി

ഗവർന്മെണ്ട് ഈ അഭിപ്രായത്തിൽ ഹൈക്കോർട്ടിനോടു യോജിക്കുന്നു. റെവന്യൂ കച്ചേരികളിൽ ഹാജരാക്കുന്ന വക്കാലത്തുകൾ സംബന്ധിച്ചാകട്ടെ, വക്കാലത്തുകൾ ജനറൽ സ്റ്റാമ്പു കടലാസിൽ എഴുതുന്ന ഏർപ്പാടു വല്ലയിടത്തും ഉള്ള പക്ഷം അതിനെ ഉടൻ നിർത്തലാക്കണം എന്നു ഗവർന്മെണ്ടു ഉത്തരവു കൊടുക്കുന്നു. ആ വക്കാലത്തുകളിൽ അര രൂപാ കോർട്ടുഫീസ് സ്റ്റാമ്പുകൾ മാത്രം പതിച്ചാൽ മതിയാവും

൬. മിസ്റ്റർ കെ. മൈതീൻപിള്ളയുടെ പല അഭിപ്രായങ്ങളെപ്പറ്റി,

(i) ൧൦൮൯-മാണ്ടത്തെ ൨-ം നമ്പർ സിവിൽ സർക്കുലരിൽ അടങ്ങിയിരിക്കുന്ന ചട്ടങ്ങളെ ഗണിക്കാതെ, വിധികൾക്കോ വിധികളുടെ ബലമുള്ള ഉത്തരവുകൾക്കോ പകർപ്പുകൾ കൊടുക്കുമ്പോൾ ഫീസ് ചുമത്തിവരുന്നു എന്നു അറിയുന്നില്ല എന്നും,

(ii) കേസു അവസാനമായി തീർച്ചചെയ്തിട്ടുള്ള അസലിനെ പിൻവലിക്കുമ്പോൾ, അതാവിതു, അസലിനെ പിൻവലിക്കാഞ്ഞാൽ റിക്കാർഡുകൾ നശിപ്പിക്കുന്നതിലേക്കുള്ള ചട്ടങ്ങൾപ്രകാരം അതിനെ നശിപ്പിച്ചുകളയും എന്നുള്ളപ്പോൾ—ഫീസ് ചുമത്തുന്നതു കോർട്ട്ഫീസ് റെഗുലേഷൻ ൧-ം പട്ടികയിലെ ൫-ം വകുപ്പിൻപ്രകാരം നീതിയല്ല എന്നും,

(iii) വ്യവഹാരം കുറവുചെയ്യുന്നതു സംബന്ധമായി കോർട്ടുകളിൽ വല്ലതും ചെയ്യേണ്ടിയിരിക്കുന്നതുകൊണ്ടു അപ്രകാരം കുറവുചെയ്യുന്നതിനുള്ള അപേക്ഷകൾക്കു എല്ലാ കോർട്ടുകളിലും ഫീസ് ചുമത്തുന്നു എന്നിരിക്കെ, വിധിക്കു മുമ്പുതന്നെയോ ഒത്തുതീർന്നതായി കോർട്ടിനു സാക്ഷ്യപ്പെടുത്തുന്നവയായ അപേക്ഷകൾ കോർട്ടുകൾക്കു അറിവു കൊടുക്കുന്ന കുറിപ്പുകൾ മാത്രമാകയാൽ ആ അപേക്ഷകൾക്കു കോർട്ടുഫീസ് കൊടുക്കേണ്ടതില്ല എന്നും,

(iv) ചെല്ലാനുകളും ചെക്കുകളും കിട്ടുന്നതിനുള്ള അപേക്ഷകളെ കോർട്ടുഫീസ കൊടുക്കുന്നതിൽ നിന്നു ഒഴിവാക്കേണ്ടതാകുന്നു എന്നും,

(v) ഒരു വ്യവഹാരം നടത്താൻ അധികാരപ്പെടുത്തിയിരിക്കുന്ന ഒരു വക്കീൽ വിധി നടത്തു നടപടികളേയും നടത്താൻ അതേ വക്കാലത്തിൽ തന്നെ വെളിവായി അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നപക്ഷം വിധിനടത്തു നടപടികൾക്കു യാതൊരു പുതിയ വക്കാലത്തും ആവശ്യമില്ല എന്നും, റിമാൻഡ് കേസുകളിൽ വല്ല കോർട്ടിലും, ൧൦൯൨-മാണ്ടത്തെ ൩-ാം നംബർ റഗുലേഷനിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കു വിരോധമായി, പുതിയ വക്കാലത്തുകൾ ആവശ്യപ്പെടുന്നതായി അറിയുന്നില്ല എന്നും ഹൈക്കോർട്ടു അഭിപ്രായപ്പെട്ടിരിക്കുന്നു.

ഹൈക്കോർട്ടു വ്യക്തമാക്കിയിരിക്കുന്ന വസ്തുതകളെ ഗണിച്ച്, കോർട്ടുഫീസു ചുമത്തുന്ന കാര്യത്തിൽ, നംബർ (i) (ii) (iii)-ാം ഖണ്ഡങ്ങളിൽ അറിയിച്ചിട്ടുള്ളതുപോലെ യാതൊരു ഭേദഗതിയും വേണ്ടതായി ഗവർമ്മെണ്ട് കാണുന്നില്ല. ചെല്ലാനുകളും ചെക്കുകളും കിട്ടുന്നതിനുള്ള അപേക്ഷകളെ കോർട്ടുഫീസിൽ നിന്നു ഒഴിവാക്കണം എന്ന ഹൈക്കോർട്ടു ശിപാർശ ചെയ്തിരിക്കുന്നതിനെ സ്വീകരിച്ചിരിക്കുന്നു. അപ്രകാരം ഒഴിവാക്കി ഒരു പരസ്യം പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

(ഉത്തരവിൻപ്രകാരം,)

എ. ജെ. വിയറാ,

ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി.

൧. ഹൈക്കോർട്ട് രജിസ്ട്രാർക്കു.

൨. പ്രജാസഭയുടെ നവമയോഗത്തിൽ കുന്നത്തൂർ താലൂക്കുമെംബർ ആയ മിസ്റ്റർ കൊച്ചുകുഞ്ഞു കുറിപ്പിനു

൩. പ്രജാസഭയുടെ നവമയോഗത്തിൽ മാവേലിക്കര താലൂക്കുമെംബർ ആയ മിസ്റ്റർ കെ. കൃഷ്ണപിള്ളക്കു

൪. പ്രജാസഭയുടെ നവമയോഗത്തിൽ ചെങ്കോട്ട താലൂക്കുമെംബർ ആയ മിസ്റ്റർ എസ്. ഷഡക്ഷര സുന്ദരംപിള്ളക്കു

൫. പ്രജാസഭയുടെ ദശമയോഗത്തിൽ മീനച്ചിൽ താലൂക്കുമെംബർ ആയ മിസ്റ്റർ വടക്കൻ ഉലഹന്നാൻ ഉലഹന്നാനു.

൬. പ്രജാസഭയുടെ ദശമയോഗത്തിൽ ഗവർമ്മെണ്ടു നിയമിച്ച മെംബരായ മിസ്റ്റർ കെ. മൈതീൻപിള്ളക്കു.

൭. എല്ലാ ഡിപ്പാർട്ടുമെണ്ടു മേലധികാരികൾക്കും.

൮. ഗസെററിലേക്കു

൯. വർത്തമാനപത്രശാലകൾ

(A true translation.)

K. CHIDAMBARA VADHYAR,
Head Translator to Government.

തിരുവിതാംകോട്ടു ഗവർമ്മെണ്ട് പ്രൊസീഡിംഗ്സ്.

ദേവസ്വങ്ങളെ പരിഷ്കരിക്കുന്നതായ ൧൦൮൨-ാം വർഷം അക്ടോബർമാസം ൨൭-ാം൹-ലെ D. ൬൫൦൫-ാം നമ്പർ ഗവർമ്മെണ്ടാജ്ഞ വീണ്ടും വായിച്ചു:—

(൧) വലിയശാല ദേവസ്വത്തിലേയും വർക്കലദേവസ്വത്തിലേയും പതിവുകളെ പരിഷ്കരിക്കുന്നതിനു സ്റ്റേറ്റ്മെണ്ടുകളും ലിസ്റ്റുകളോടൊന്നിച്ചയച്ച ഫാറങ്ങളും അനുസരിച്ചു എഴുതി അയക്കുന്നതിനായി തിരുവനന്തപുരം ദിവാൻപേഷ്കാർക്കു ൧൦൮൪-ാം വർഷം സെപ്തംബർ മാസം ൨൧-ാം൹ D. ൩൭൫൪-ാം നംബരായി അയച്ച ലിസ്റ്റും,

(൨) ചിറയിൻകീഴ താലൂക്കിൽ വർക്കല ദേവസ്വത്തിന്റെ പതിവുകളെ പരിഷ്കരിക്കുന്നതിനായി സ്റ്റേറ്റ്മെണ്ടുകളോടുകൂടി തിരുവനന്തപുരം ദിവാൻപേഷ്കാർ ൧൦൮൫-ാം വർഷം ഫെബ്രുവരിമാസം ൨൦-ാം൹ ൭൭൫൪-ാം നംബരായി അയച്ച ലിസ്റ്റും,

വായിച്ചു

അതിന്മേൽചെയ്ത ഉത്തരവു നംബർ D. ൨൭൨൪, തിരുവനന്തപുരം ൧൦൮൫-ാം വർഷം ജൂലൈമാസം ൫-ാം൹.

നിത്യനിദാനം.

മേൽവായിച്ച ൧൦൮൨-ാം വർഷം അക്ടോബർമാസം ൨൭-ാം൹-ലെ D. ൬൫൦൫-ാം നംബർ ഗവർമ്മെണ്ടാജ്ഞയിൽ, എല്ലാ എഴുതിത്തീരുവ ദേവസ്വങ്ങളിലും നിത്യനിദാന

ത്തിനു അരിവകയിലും മററു കോപ്പുകൾക്കും ഉള്ള പതിവുകളെ സാമാനങ്ങളായി നിശ്ചയിക്കണം എന്നു ഗവർൺമെണ്ടു നിശ്ചയിച്ചു. നിവേദ്യത്തിനു വേണ്ട അരി ൧൦൭൮-മാണ്ടു നിശ്ചയിച്ചിരുന്ന അതേ അളവിലും എന്നാൽ പഞ്ചസാര, നെയ്യ്, ശർക്കര മുതലായ ഉപകരണദ്രവ്യങ്ങളെ ഇപ്പോഴത്തെ ആവശ്യങ്ങൾ അനുസരിച്ചും നിശ്ചയിക്കണമെന്നും ഗവർൺമെണ്ട് ആജ്ഞാപിച്ചിരുന്ന ഒരു ആജ്ഞയുടെ അനുബന്ധത്തിൽ വിവരിച്ചിരിക്കുന്നതായ വക്കല ദേവസ്വത്തിലുള്ള പുതുപ്പിക്കപ്പെട്ട പതിവുകളെ നിശ്ചയിക്കുന്നതിൽ മേൽപ്പറഞ്ഞ തത്വങ്ങളെ ദൃഷ്ടിയിൽ വച്ചിട്ടുണ്ടു. പുതുപ്പിക്കപ്പെട്ട പതിവുകൾ മഹാനിലും പുതിയ പ്രമാണ അളവുകളെ അംഗീകരിച്ചിരിക്കുന്നു. പാൽപായസത്തിനു പാലിനെ മുഖ്യസാധനമായി ഗണിക്കയും ഇതിന്റെ അളവിനെ ഇപ്പോഴത്തെ ആവശ്യങ്ങൾ അനുസരിച്ചു നിശ്ചയിക്കയും ചെയ്തിരിക്കുന്നു. ഇപ്രകാരം നിശ്ചയിച്ച പാലിലേക്കു വേണ്ട മററു സാമഗ്രികളെ, ദേവസ്വങ്ങളെപ്പററിയുള്ള റിപ്പോർട്ടിൽ ൪ അനുബന്ധത്തിൽ മിസ്റ്റർ രാമചന്ദ്രയ്യർ അംഗീകരിച്ചിരിക്കുന്ന തോതു അനുസരിച്ചു കണക്കാക്കിയിരിക്കുന്നു. ൧൦൭൮-മാണ്ടത്തെ പതിവു കണക്കിൽ വക്കല ദേവസ്വത്തിൽ നിവേദ്യം വകയ്ക്കു ൩൪൦ ഘന ഇഞ്ചു കൊള്ളുന്ന പഴയ അളവു അനുസരിച്ചു, ൨൪൦ പറ അല്ലെങ്കിൽ ൨൦൦ ഘന ഇഞ്ചു കൊള്ളുന്ന ഇപ്പോഴത്തെ സ്റ്റാണ്ടേർഡ് അളവിൻപ്രകാരം ൭൩൪.൨ പറ അരി വകയുണ്ടു എന്നാൽ പുതുക്കിയ പതിവിൽ ൩൫൩ പറ നിശ്ചയിച്ചിരിക്കുന്നു. പാൽപായസം വകക്കു അരി മുമ്പിലത്തേതിലും കുറവായ ആവശ്യപ്പെടുന്നുള്ളു എന്നുള്ളതുകൊണ്ടു ൨൧൮ പറ അരി കുറച്ചിരിക്കുന്നു. ൧൦൭൮-മാണ്ടത്തെ പതിവിൻപ്രകാരം നമസ്കാരം വകക്കു ൨൨൨ സ്റ്റാണ്ടേർഡ് പറ അരി പതിവുണ്ടു. അതിനെ ഇപ്പോഴത്തെ പുതുക്കിയ പതിവിൽ ൨൦൪ സ്റ്റാണ്ടേർഡ് പറയാക്കിയിരിക്കുന്നു. നമസ്കാരത്തിന്റെ എണ്ണത്തിൽ യാതൊരു കുറവും ചെയ്തിട്ടില്ല; എന്നാൽ പഴയ പതിവനുസരിച്ചു ആളൊന്നുക്കു രണ്ടരനാഴി അരിയും മററു സാമാനങ്ങൾക്കായി പലവിധത്തിലുള്ള റേട്ടുകളും നിശ്ചയിച്ചിരുന്നതിനു പകരം, മേൽകാണിച്ച ഗവർൺമെണ്ടാജ്ഞയിൽ പറഞ്ഞിട്ടുള്ളതുപോലെ, ഇപ്പോൾ ആളൊന്നുക്കു ഇരുനാഴി അരിയും മററു സാമാനങ്ങൾക്കായി ആളൊന്നുക്കു ഒരു ചക്രം നിരക്കും നിശ്ചയിച്ചിരിക്കുന്നു. പഞ്ചസാര, നെയ്യ്, തേങ്ങാ മുതലായ ഉപകരണദ്രവ്യങ്ങൾക്കു ഇപ്പോഴത്തെ ആവശ്യത്തിൽ ഉള്ള ആവശ്യങ്ങളെ സൂക്ഷ്മമായി അന്വേഷിച്ചറികയും അതനുസരിച്ചു ഈവക പതിവുകൾ പുതുക്കി നിശ്ചയിക്കയും ചെയ്തിരിക്കുന്നു. പഴയ പതിവിൽ നിത്യനിദാനം വകക്കു ആണ്ടൊന്നുക്കു ൩൬൫ ദിവസങ്ങൾക്കു മാത്രമേ വ്യവസ്ഥ ചെയ്തിട്ടുള്ളു. എന്നിരിക്കെ, ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുന്ന പുതുക്കിയ പതിവിൽ, ആണ്ടിൽ ഒരു ദിവസം കൂടുതൽ വരുമ്പോൾ എപ്പോഴും ഇതിനു മുമ്പിൽ ചെയ്തു വന്നതുപോലെ ആയതിനു പുതുതായ അനുവാദം വാങ്ങിക്കേണ്ടി വരുന്നതിനു ഇടയാകാതിരിക്കുന്നതിലേക്കായി, ആണ്ടൊന്നുക്കു ൩൬൬ ദിവസങ്ങൾക്കു കണക്കുകൂട്ടി പതിവു ഏർപ്പെടുത്തിയിരിക്കുന്നു.

൨ മാസവിശേഷവും ആട്ടവിശേഷവും.

ഈ അടിയന്തിരങ്ങൾക്കുള്ള എല്ലാ പതിവുകളേയും പണമായി നിശ്ചയിക്കണം എന്നും എന്നാൽ അപ്രകാരം പണമായി നിശ്ചയിക്കുന്ന പതിവുകളിൽ നിന്നു വിശേഷാൽ പൂജകളിൽ യാതൊരു കുറവും ചെയ്യാതെ അവയെ നടത്തണം എന്നും മേൽവായിച്ച ഉത്തരവിൽ ഗവർൺമെണ്ടു ആജ്ഞാപിച്ചിരുന്നു. പറ ഒന്നുക്കു (൩൨) നാലേ മുക്കാൽ ചക്രം വീതം ൩൩൩.൦ ചക്രം പറ നെല്ലിന്റെ വിലയുൾപ്പെടെ മാസവിശേഷം വകക്കു ൧൦൭൮-മാണ്ടു (രൂപാ ൧൩൯൪- ൩. ൨) തൊള്ളായിരത്തി അമ്പത്തിനാലു രൂപ നാലു ചക്രം രണ്ടു കാശു പതിവു നിശ്ചയിച്ചിരുന്നു. ഇതിനെ ഇപ്പോൾ പുതുക്കുകയും പറ ഒന്നുക്കു (൨൫ ൫) ഇരുപത്തിരണ്ടുമുക്കാൽ ചക്രം വീതം ൧൦ ൨.൨ പറ നെല്ലിന്റെ വില ഉൾപ്പെടെ, (രൂപാ ൧൨൭൦-൧൯.൩) ആയിരത്തി ഇരുനൂററി അറുപതു രൂപാ പതിനഞ്ചു ചക്രം ആറുകാശു ആയി നിശ്ചയിക്കയും ചെയ്തിരിക്കുന്നു. പുതുക്കിയ ക്രമത്തിൽ നെല്ലിനെ കുറച്ചിരിക്കുന്നതു വിശേഷാൽ പൂജകൾക്കു മാത്രം ആവശ്യമുള്ള പതിവുകളെ നെല്ലായി കൊടുത്താൽ മതി എന്നു ഏർപ്പാടു ചെയ്തിട്ടുള്ളതു നിമിത്തം ആകുന്നു. പഴയപതിവുകൾ അനുസരിച്ചു ആട്ടവിശേഷത്തിനുള്ള ചിലവു പറ ഒന്നുക്കു (൩ ൩/൪) ചക്രം വീതം ൩൬.൫ ചക്രം പറ നെല്ലിന്റെ വില ഉൾപ്പെടെ രൂപാ (൫൩.൭൦.൦) അൻപത്തി അഞ്ചു രൂപാ പത്തൊൻപതു ചക്രം ആകുന്നു. പറ ഒന്നുക്കു (൨൫ ൩/൪) ഇരുപത്തിമൂന്നുമുക്കാൽ ചക്രം വീതം ൩൬ പറ നെല്ലിന്റെ വില ഉൾപ്പെടെ, ഇതിനെ ഇപ്പോൾ രൂപാ (൧൬൪.൫൨-൧൧) നൂററി അറുപത്തിനാലു രൂപാ പത്തൊന്നര ചക്രം പതിനൊന്നുകാശു ആയി നിശ്ചയിച്ചിരിക്കുന്നു. പുതുക്കിയ പതിവു വരിയുന്ന റുപാൻ തിരുമനസ്സിലെ ആട്ടത്തിരുനാൾ പ്രമാണിച്ച നടത്തിവരുന്ന വിശേഷാൽ നൈവേദ്യങ്ങൾക്കുള്ള ചിലവുകളും ഉൾപ്പെടുന്നു. മാസവിശേഷവും ആട്ടവിശേഷവും സംബന്ധിച്ച സദ്യകൾക്കു എഴുന്നെള്ളിപ്പിനും ആവശ്യമുള്ള സാമാനങ്ങളുടെ

ന്യൂലിനു പണമായി നിശ്ചയിച്ചിരിക്കുന്ന മേൽപ്പറഞ്ഞ ഗവർൺമെണ്ടാജ്ഞയിൽ ആജ്ഞാപിച്ചിരിക്കുംപോലെ, ൧.൫ രൂപക്ക് ഉമിനിന്ന ഒരു പറ അരി വീതം അതിനു വില പറ ഒന്നുക്കു (൪) നാലു പണം വീതവും നിശ്ചയിച്ചിരിക്കുന്ന അരി ഒഴികെയുള്ള സാമാനങ്ങൾ വകക്കു ൧ പറ അരിക്കു (൭) ഏഴു പണം വീതം നിശ്ചയിച്ചിരിക്കുന്ന നമസ്കാരം വകക്കുള്ള അരി പഴയ പതിവിൻപടി കുറഞ്ഞ റേട്ടിൽ നിശ്ചയിച്ചിരുന്നേടത്തുകൂടിയും, ആ ഓരോന്നിനു ഇടങ്ങാഴി വീതം ഒരേരീതിയിൽ നിശ്ചയിച്ചിരിക്കുന്നു. മേൽപറഞ്ഞ ഗവർൺമെണ്ടാജ്ഞയിൽ വിധിച്ചിരിക്കുംപോലെ, വെളിച്ചെണ്ണയുടെ വിലയെ പറ ഒന്നുക്കു (൬) ആറു രൂപായായി കണക്കു കൂട്ടിയിരിക്കുന്നു.

൩ ഉത്സവം

ഉത്സവങ്ങൾക്കുള്ള പതിവുകൾ മുഴുവനും പണമായിട്ടുതന്നെ നിശ്ചയിക്കണം എന്നും അകത്തെപടിത്തരത്തിൽ യാതൊരു കുറവും ചെയ്തുകൂടാ എന്നും പുറത്തെപടിത്തരത്തെ വാസ്തവത്തിൽ ഉള്ള ചിലവിനു തക്കവണ്ണം നിശ്ചയിക്കാവുന്നതാണെന്നും മേൽവായിച്ച ഗവർൺമെണ്ടാജ്ഞയിലെ ൨൩-ം പാരാവിൽ ഗവർൺമെണ്ട് നിശ്ചയിച്ചിട്ടുണ്ടായിരുന്നു. പറ ഒന്നുക്കു (൪¾) നാലേമുക്കാൽ ചക്രം വീതം ൨൭൨ പറ ചമ്പാപ്പറ നെല്ലിന്റെ വില ഉൾപ്പെടെ, പഴയ പതിവിൽ (൬൧൯-൧൫-൪) അറുന്നൂറ്റി പത്തൊൻപതു രൂപാ പതിനഞ്ചു ചക്രം നാലുകാശു ചിലവു കാണുന്നു. പറ ഒന്നുക്കു (൨൧¾) ഇരുപത്തിഒന്നേമുക്കാൽ ചക്രം വീതം ൧൨൨ പറ നെല്ലിന്റെ വില ഉൾപ്പെടെ, പുതുക്കിക്കെട്ടിയ പതിവിനെ (൧,൨൦൮-൨൧-൩) ആയിരത്തി ഇരുനൂറ്റിഎട്ടു രൂപാ ഇരുപത്തിഒന്നു ചക്രം, മൂന്നു കാശു ആയി നിശ്ചയിച്ചിരിക്കുന്നു. അകത്തെപടിത്തരത്തിനു മാത്രമേ നെല്ലായി കൊടുക്കണം എന്നു നിശ്ചയിച്ചിരിക്കുന്നുള്ളു. പഴയ പതിവനുസരിച്ചു ഉത്സവത്തിനു ൧൨൭൩ സ്റ്റാണ്ടേർഡ് പറ അരി അനുവദിച്ചിരിക്കെ ഉത്സവകാലത്തു സദ്യവകയ്ക്കായി ഇപ്പോൾ ൧൦൦൦ പറ അരി അനുവദിച്ചിരിക്കുന്നു. അരിയുടെ വില പറ ഒന്നുക്കു (൧൦) പത്തു പണമായും ദേഹണ്ണക്കൂലി ഉൾപ്പെടെ മറ്റു സാമാനങ്ങൾ വകക്കുള്ള ചിലവിനെ ഒരു പറ അരിക്കു (൨) രണ്ടു രൂപാ വീതവും കണക്കുകൂട്ടി നിശ്ചയിച്ചിരിക്കുന്നു. എഴുന്നള്ളിപ്പു വകക്കുള്ള വെളിച്ചെണ്ണയെ വാസ്തവത്തിലുള്ള ആവശ്യങ്ങൾ അനുസരിച്ചു ൩൭൦ സ്റ്റാൻഡാർഡ് പറയിൽ നിന്നു ൨൩൧ സ്റ്റാണ്ടേർഡ് പറയായി കുറയ്ക്കയും അതിനുള്ള വിലയെ പറ ഒന്നുക്കു (൬) ആറു രൂപാ വീതം നിശ്ചയിക്കയും ചെയ്തിരിക്കുന്നു. അരങ്ങുകാർക്കുള്ള ചിലവിനെ, (൩൬൪) മുന്നൂറ്റിഅറുപത്തിനാലു രൂപായിൽ നിന്നു (൩൦൨) മുന്നൂറ്റിരണ്ടു രൂപയായി പുതുക്കിയ പതിവുകളിൽ കുറച്ചിരിക്കുന്നു. ഉത്സവത്തിനു പണമായി നിശ്ചയിച്ചിരിക്കുന്ന പതിവിൽ ആദ്യസ്ഥാനമായി നിർവഹിക്കേണ്ട ചിലവു അകത്തെപടിത്തരം വകയ്ക്കായിരിക്കണം എന്നു ഗവർൺമെണ്ടു ആജ്ഞാപിച്ചു പറയുന്നു. അകത്തെ പടിത്തരത്തിനുള്ള ചിലവു നിർവഹിച്ച ശേഷം ഉത്സവസംബന്ധമായ പുറത്തെ പടിത്തരത്തിനുള്ള പതിവുകളെ കുറയ്ക്കേണ്ടതു ആവശ്യമായി കാണപ്പെട്ടാൽ, ഡിവിഷൻ പേഷ്കാർ ഒന്നാമതായി അരങ്ങുകാരുടെ വകക്കുള്ള അലവൻസിൽ നിന്നും പിന്നീടു എഴുന്നള്ളിപ്പിനുള്ള തുകയിൽ നിന്നും ഒടുവിലായി സദ്യവകക്കുള്ള തുകയിൽ നിന്നും കുറവു ചെയ്യണം.

മാസവിശേഷത്തിനും ആട്ടവിശേഷത്തിനും ഉത്സവത്തിനും ഉള്ള പതിവുകളെയെല്ലാം പണമായി നിശ്ചയിച്ചിരിക്കുന്നു എന്നും ഈ സംഗതികളിൽ എല്ലാം അകത്തെ പടിത്തരത്തെ യാതൊരു കുറവും കൂടാതെ നടത്തേണ്ടതാണെന്നും ധരിച്ചുകൊള്ളണം. സാമാനങ്ങളുടെ വിലവാശി നിമിത്തം മാസവിശേഷത്തിലും ആട്ടവിശേഷത്തിലും ഉള്ള പല അടിയന്തിരങ്ങൾക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന തുകകൊണ്ടു ആ വക അടിയന്തിരങ്ങൾക്കുള്ള ചിലവുകൾ നടത്തുന്നതിനു മതിയാകുന്നില്ല എന്നു വരാം. ഇപ്രകാരമുള്ള സംഗതികളിൽ, ഉത്സവത്തിനുള്ള അകത്തെ പടിത്തരത്തിൽ യാതൊരു കുറവും ചെയ്യാതെതന്നെ ഉത്സവത്തിനുള്ള മുതലിൽ നിന്നു പണം എടുത്തു ഇതിലേക്കു ചിലവാക്കിക്കൊള്ളണം. ഏതായാലും, മാസവിശേഷത്തിനും ആട്ടവിശേഷത്തിനും ഉത്സവത്തിനുംആയി ആകപ്പാടെ നിശ്ചയിച്ചിട്ടുള്ള ആകത്തുക യാതൊരു കാരണത്താലും കവിയാൻ പാടില്ല എന്നു വ്യക്തമായി ധരിച്ചിരിക്കേണ്ടതാകുന്നു.

൪ പലവക.

ഈ ഇനത്തിൽ ഇപ്പോഴുള്ള പതിവു (൩൮൪) മുന്നൂറ്റി എൺപത്തിനാലു രൂപ ആകുന്നു. എന്നാൽ ഈ ആജ്ഞയോടുള്ള അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന വിവരങ്ങൾ അനുസരിച്ചു (൩൨൭) മുന്നൂറ്റി ഇരുപത്തിഏഴു രൂപാ പുതുക്കിയ പതിവായി അനുവദിച്ചിരിക്കുന്നു

൫. ജീവനക്കാർ

ദേവസ്വത്തിൽ ഇപ്പോൾ ഉള്ള ജീവനക്കാരേയും മേൽ അനുവദിച്ചിരിക്കുന്ന ജീവനക്കാരേയും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

ഇപ്പോഴത്തെ ജീവനക്കാർ				അനുവദിക്കപ്പെട്ട ജീവനക്കാർ			
ജീവനപ്പേര്	മാസം ഒന്നുക്കുള്ള ശമ്പളം			ജീവനപ്പേര്	മാസം ഒന്നുക്കുള്ള ശമ്പളം		
	രൂ.	ച.	കാ.		രൂ.	ച.	കാ.
ഒരു ശ്രീകാര്യം	൨	൧൫	൪	ഒരു ശ്രീകാര്യം	൧൫	൦	൦
ഒരു ചാന്തിരം	൨	൧	൦				
ഒരു പട്ടോലക്കണക്ക	൨	൫	൧൩	ഒരു കണക്കൻ	൧൨	൦	൦
ഒരു നിത്യനിദാനക്കണക്ക	൧	൨൪	൪				
ഒരു കലവറ	൧	൭	൧൦	ഒരു കലവറ	൭	൦	൦
ആകെ	൯	൨൫	൧൪	ആകെ	൩൪	൦	൦

൬. തഞ്ചിലവു അല്ലെങ്കിൽ മാട്ടത്തുണ് ഇല്ലാത്ത ജീവനക്കാരുടെ കാര്യത്തിൽ, വാസ്തവത്തിൽ ഉള്ള ആവശ്യത്തിനു അനുസരണമായി ജീവനക്കാരെ പുതുപ്പിക്കയും അവരുടെ ശമ്പളത്തെ ഈ ആജ്ഞയുടെ അനുബന്ധത്തിൽ കാണിച്ചിരിക്കുന്നതുപോലെ കൂട്ടുകയും ചെയ്തിരിക്കുന്നു.

൭. മേൽ പറഞ്ഞതുപോലെ പുതുപ്പിക്കപ്പെട്ട വകയിലെ ദേവസ്വത്തിനുള്ള പതിവുകളും വകക്ക ഒരു വിവരമായ സ്റ്റേറ്റ്മെണ്ട് ഈ ആജ്ഞയോടു അനുബന്ധിച്ചിരിക്കുന്നു. പുതുക്കിയതിന്റെ ഫലമായി, ഈ ദേവസ്വം വകക്കു ആകെയുള്ള ചിലവു (൭,൭൦൧-൧൬-൧൬) ഏഴായിരത്തി എഴുനൂറ്റി ഒന്നു രൂപായും പതിനാറു ചക്രവും പതിനാറു കാശും ആയിരുന്നതു (൯,൦൨൦-൧൨-൧൧) ഒമ്പതിനായിരത്തി ഇരുപതു രൂപ പന്ത്രണ്ടു ചക്രം പതിനൊന്നു കാശു ആയി കൂടിയിരിക്കുന്നു. ഈ കൂടുതൽ അനുവദിച്ചിരിക്കുന്നു. പുതുക്കിയ പതിവുകൾ ൧൦൯൧-ാമാണ്ട ചിങ്ങമാസം ൧-ാം മുതൽ നടപ്പിൽ വരുന്നതാകുന്നു.

ഉത്തരവിൻപ്രകാരം,
എം. രാജരാജവർമ്മ,
ഗവർമ്മെണ്ട് അസിസ്റ്റന്റ് സെക്രട്ടറി.

൧. തിരുവനന്തപുരം ദിവാൻപേഷ്കാർക്ക്.
൨. അക്കൗണ്ടന്റ് ആഫീസർക്ക്.
൩. ഗസറ്റിലേക്ക്.
൪. വർത്തമാനപ്പത്രശാലകൾ.

([illegible])

(A true translation.)

K. Chidambara Vadhyar,
Head Translator to Government.

തിരുവിതാംകോട്ടു ഗവർൺമെണ്ട് പ്രൊസീഡിംഗ്സ്.

ദേവസ്വങ്ങളെ പരിഷ്കരിക്കുന്നതായ ൧൦൮൦-ാം വർഷം ഒക്ടോബർ മാസം ൨൫-ാം-യിലെ D. ൧൧൦൯-ാം നമ്പർ ഗവർൺമെണ്ടാജ്ഞ വീണ്ടും വായിച്ചു.

(൧) വലിയശാല ദേവസ്വത്തിലെയും മറ്റു ദേവസ്വത്തിലെയും പതിവുകളെ പുതുപ്പിക്കുന്നതിനു സ്റ്റേറ്റ്മെണ്ടുകൾ ചെട്ടരോടെടുത്തിട്ടുള്ള ഫാറങ്ങൾ അനുസരിച്ചു എഴുതി അയക്കുന്നതിനായി തിരുവനന്തപുരം ദിവാൻപേഷ്കാർ ൧൦൮൧-ാം വർഷം സെപ്തംബർ മാസം ൨൨-ാം- D. ൩൫൧൩-ാം നമ്പരായി അയച്ച കല്പനയും;

(൨) തിരുവനന്തപുരം താലൂക്കിൽ വലിയശാല ദേവസ്വത്തിന്റെ പതിവുകളെ പുതുപ്പിക്കുന്നതിനായി സ്റ്റേറ്റുമെണ്ടുകളോടുകൂടി തിരുവനന്തപുരം ദിവാൻപേഷ്കാർ ൧൦൮൨-ാം വർഷം മേ മാസം ൨൦-ാം- ൧൫൨൮൦-ാം നമ്പരായി അയച്ച ഡെമി അഫിഷ്യൽ ലെട്ടരും,

വായിച്ചു.

ഉത്തരവ് ചെയ്യ ഉത്തരവു നമ്പർ D. ൨൭൫൦, തിരുവനന്തപുരം, ൧൦൮൨-ാം വർഷം ജൂലൈ മാസം ൧൭-ാം-.

വലിയശാല ദേവസ്വത്തിൽ, തെക്കേടം, നടുവിലേടം, വടക്കേടം എന്ന മൂന്നു പ്രധാന ക്ഷേത്രങ്ങളും, ഭഗവതി, ശാസ്താ, കൃഷ്ണസ്വാമി, ഗണപതി, ഭൂതത്താൻ എന്ന അഞ്ചു ചെറിയ ക്ഷേത്രങ്ങളും കാക്കണശേരി എന്ന ഒരു കീഴീടും ഉണ്ട്. വലിയശാല ദേവസ്വത്തിലേക്കുള്ള പതിവുകളെ പുതുപ്പിക്കുന്നതിൽ, മേൽപ്പറഞ്ഞ എല്ലാ ക്ഷേത്രങ്ങൾക്കും കീഴീടിനും വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നിത്യനിദാനം.

വലിയശാല ദേവസ്വത്തിലെ നിത്യനിദാനത്തിനുള്ള പതിവുകളെ പുതുപ്പിക്കുന്നതിൽ, മേൽ വായിച്ച ൧൦൮൦-ാം വർഷം ഒക്ടോബർമാസം ൨൫-ാം-യിലെ ൧൧൦൯-ാം നമ്പർ ഗവർൺമെണ്ടാജ്ഞയിൽ ൧൩-ാം പാരാവിൽ പ്രസ്താവിച്ചിരിക്കുന്ന തത്വങ്ങളെ വളരെ ശ്രദ്ധയോടു അനുവർത്തിച്ചിരിക്കുന്നു. എല്ലാ സംഗതിയിലും പുതിയ പ്രമാണ അളവുകളെയും തൂക്കങ്ങളെയും അംഗീകരിച്ചിരിക്കുന്നു. ൯൫൯-മാണ്ടത്തെ പതിവിൽ വലിയശാല ദേവസ്വത്തിൽ നിവേദ്യം വകയ്ക്കു ൩൯൦ ഘന ഇഞ്ചു കൊള്ളുന്ന പഴയ അളവു അനുസരിച്ചു ൨൭൯൫ പറ, അതായതു ൩൦൦ ഘന ഇഞ്ച് കൊള്ളുന്ന ഇപ്പോഴത്തെ സ്റ്റാണ്ഡാർഡ് അളവിൻപ്രകാരം ൨൭൩൪ പറ, അരിയ്ക്കു വകയുണ്ടായിരുന്നു. പുതുക്കിയ പതിവിൽ ൨൭൫൨ പറ അല്ലെങ്കിൽ ൯൫൯-മാണ്ടു നിശ്ചയിച്ചിരുന്നതിൽ നിന്നു ൪൦൭ പറ കുറവായി നിശ്ചയിച്ചിരിക്കുന്നു. പാൽപായസത്തിനു വ്യവസ്ഥ ചെയ്തിട്ടുള്ള പാലിന്റെ അളവിനു അനുരൂപമായി പാൽപായസത്തിനു ആവശ്യമുള്ള അരിയെ കുറച്ചതുകൊണ്ടാകുന്നു ൪൦൭ പറ അരി കുറഞ്ഞതു. പാൽപായസത്തിനു ആവശ്യമുള്ള പാലിനെ ഇപ്പോഴത്തെ ആചാരത്തിനനുസരണമായി നിശ്ചയിച്ചിരിക്കുന്നു മറ്റു സാമഗ്രികളെ, ദേവസ്വങ്ങളെ പററിയുള്ള റിപ്പോർട്ടിൽ A A അനുബന്ധത്തിൽ മിസ്റ്റർ രാമചന്ദ്രരായർ അംഗീകരിച്ചിരിക്കുന്ന തോതു അനുസരിച്ചു കണക്കാക്കിയിരിക്കുന്നു. ൯൫൯-മാണ്ടത്തെ പതിവിൻപ്രകാരം നമസ്കാരം വകയ്ക്കു ൨൩൬൭ സ്റ്റാണ്ഡേർഡ് പറ അരി പതിവുണ്ട്. അതിനെ ഇപ്പോഴത്തെ പുതുക്കിയ പതിവിൽ ൨൩൬൭ സ്റ്റാണ്ഡാർഡ് പറയാക്കിയിരിക്കുന്നു. നമസ്കാരത്തിന്റെ എണ്ണത്തിൽ യാതൊരു കുറവും ചെയ്തിട്ടില്ല; എന്നാൽ മേൽ വായിച്ച ഗവർമ്മെണ്ടാജ്ഞയിൽ പറഞ്ഞിട്ടുള്ളതുപോലെ, ആളൊന്നുക്കു ഇടങ്ങഴി അരിയും മററു സാമാനങ്ങൾക്കായി ആളൊന്നുക്കു അര ചക്രം വീതവും നിശ്ചയിച്ചിരിക്കുന്നു. ൯൫൯-മാണ്ടത്തെ പതിവിൽ, പഴയ അളവിൻപ്രകാരം ആളൊന്നുക്കു ഇടങ്ങഴി അരി വീതം ൧൨ ബ്രാഹ്മണരുടെ നമസ്കാരത്തിനും ദിവസം ഒന്നുക്കു ഒരു ഇടങ്ങഴി അരി വീതം തന്ത്രിയുടെ ഭക്ഷണത്തിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പുതുക്കിയ പതിവിൽ, ആളൊന്നുക്കു ഇടങ്ങഴി (സ്റ്റാണ്ഡാർഡ്) അരി വീതം ൧൨ പേർക്കു നമസ്കാരത്തിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തന്ത്രിയുടെ ഭക്ഷണത്തിനുള്ള അരിയെ വിട്ടിരിക്കുന്നു. തന്ത്രിക്കു അരിയായി കൊടുത്തുവന്നതിനെ, പറ ൧ ന്നുക്കു പതിമ്മൂന്നു പണം വീതം കണക്കാക്കി തന്ത്രിക്കു മാസന്തോറും ഉള്ള പണമായ അലവൻസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പഞ്ചസാര, നെയ്യ്, തേങ്ങാ മുതലായ ഉപകരണദ്രവ്യങ്ങൾക്കു ഇപ്പോഴത്തെ വാസ്തവത്തിൽ ഉള്ള ആവശ്യങ്ങളെ സൂക്ഷ്മമായി തിട്ടപ്പെടുത്തുക.

യും അതനുസരിച്ച് ഇരവുകൾ പതിവുകൾ പുതുക്കി നിശ്ചയിക്കയും ചെയ്തിരിക്കുന്നു. പഴയപതിവിൽ നിത്യനിദാനം വകക്ക് ആണ്ടൊന്നുക്ക് [illegible] ദിവസങ്ങൾക്ക് വ്യവസ്ഥ ചെയ്തിരിക്കെ, നിത്യനിദാനം വകക്കുള്ള പതിവുകളെ പുതുപ്പിക്കുന്നതിൽ, ആണ്ടിൽ കൂടുതൽ ദിവസം വരുമ്പോൾ എല്ലാം ഇതിനു മുമ്പിൽ ചെയ്തു വരുന്നതുപോലെ പുതുതായി അനുവാദം വാങ്ങിക്കേണ്ടിവരുന്നതിനു ഇടയാകാതിരിക്കുന്നതിലേക്കായി, ആണ്ടൊന്നുക്ക് [illegible] ദിവസങ്ങൾക്ക് കണക്കു കൂട്ടി പതിവു ഏർപ്പെടുത്തിയിരിക്കുന്നു. തേങ്ങാ, വെളിച്ചെണ്ണ, നെയ്, പഞ്ചസാര, പഴം മുതലായ സാമാനങ്ങളുടെ വിലകളെ ഇപ്പോഴത്തെ റേട്ടുകൾ അനുസരിച്ച് കണക്കാക്കിയിരിക്കുന്നു.

൨. മാസവിശേഷവും ആട്ടവിശേഷവും

ഈ അടിയന്തിരങ്ങൾക്കുള്ള പതിവുകളെ, മേൽ വായിച്ച ഗവർന്മെണ്ടാജ്ഞയിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ, പണമായി തന്നെ നിശ്ചയിച്ചിരിക്കുന്നു. ഇപ്രകാരം പണമായി നിശ്ചയിച്ചിരിക്കുന്ന പതിവുകളിൽ നിന്നു വിശേഷാൽ പൂജകൾക്കായുള്ള ചിലവിനെ ആദ്യം നിർവഹിക്കയും ഈ വക പൂജകളിൽ യാതൊരു കുറവും ചെയ്യാതെ അവയെ നടത്തുകയും ചെയ്യണം. പറ ഒന്നുക്ക് (൫) അഞ്ചു ചക്രം (൪) നാലു കാശു വീതം ചന്ദ്രത്തിനു [illegible] പറ നെല്ലിന്റെ വില ഉൾപ്പെടെ, മാസവിശേഷം വകക്ക് [illegible]-മാണ്ടു (രൂപാ [illegible]) എഴുപത്തിയേഴു രൂപാ ഇരുപത്തിഅഞ്ച് ചക്രം നിശ്ചയിച്ചിരിക്കെ, പുതുക്കിയ പതിവിൽ, പറ ഒന്നുക്ക് (൨൩) ഇരുപത്തി മൂന്നേകാൽ ചക്രം വീതം [illegible] പറ നെല്ലിന്റെ വില ഉൾപ്പെടെ (൬൭-[illegible]) അറുപത്തി [illegible] രൂപാ [illegible] ചക്രം പത്തു കാശു നിശ്ചയിച്ചിരിക്കുന്നു. പുതുക്കിയ ക്രമത്തിനു നെല്ലു കുറച്ചിരിക്കുന്നതു വിശേഷാൽ പൂജകൾക്കു മാത്രം ആവശ്യമുള്ള പതിവുകളെ നെല്ലായി കൊടുത്താൽ മതി എന്നും ശേഷമുള്ളതിനെ ഒരു പറ അരിക്കു ൭൦ പണം വീതം പണമായി കൊടുക്കണം എന്നും ഏർപ്പെടുത്തിയതിനാൽ ആകുന്നു. ആട്ടവിശേഷത്തിനുള്ള പഴയ പതിവു, പറ ഒന്നുക്ക് (൫) അഞ്ച് ചക്രം (൪) നാലു കാശു വീതം ചന്ദ്രത്തിനു ൧൭൩ പറ നെല്ലിന്റെ വില ഉൾപ്പെടെ, (രൂപാ ൪൪-൪-൮) നാല്പത്തിനാലു രൂപായും നാലു ചക്രവും എട്ടു കാശും ആകുന്നു. പുതുക്കിയ പതിവിനെ പറ ഒന്നുക്ക് (൨൩) ഇരുപത്തിമൂന്നേകാൽ ചക്രം വീതം [illegible] സ്റ്റാണ്ടാർഡ് പറ നെല്ലിന്റെ വില ഉൾപ്പെടെ, (രൂ. ൧൮-൫-൯) പതിനെട്ടു രൂപായും അഞ്ച് ചക്രവും ഒൻപതു കാശും ആയി നിശ്ചയിച്ചിരിക്കുന്നു. പുതുക്കിയ പതിവു വലിയതമ്പുരാൻ തിരുമനസ്സിലെ ആട്ടത്തിരുനാൾ പ്രമാണിച്ചു അനുവദിച്ചിരിക്കുന്ന വിശേഷാൽ അടിയന്തിരങ്ങൾക്കുള്ള ചിലവുകളും ഉൾപ്പെടെ ആകുന്നു.

൩. ഉത്സവം

പറ ഒന്നുക്ക് (൫) അഞ്ചു ചക്രം (൪) നാലു കാശുവീതം ചന്ദ്രത്തിനു ൧൩൭ പറ നെല്ലിന്റെവില ഉൾപ്പെടെ, [illegible]-മാണ്ടത്തെ പതിവിൽ (രൂപാ [illegible]) [illegible] നാല്പത്തി രണ്ടു രൂപാ ഇരുപത്തി ആറു ചക്രം ചിലവു കാണുന്നു. പറ ഒന്നുക്ക് (൨൩) ഇരുപത്തി മൂന്നേ കാൽ ചക്രം വീതം [illegible] സ്റ്റാണ്ടാർഡു പറ നെല്ലിന്റെ വില ഉൾപ്പെടെ, മേൽ വായിച്ച ഗവർന്മെണ്ടാജ്ഞയിൽ ആവശ്യപ്പെട്ടിരിക്കുന്നതു പോലെ, പുതുക്കിയ പതിവിനെ (രൂപാ [illegible]) എഴുനൂറ്റി [illegible] രൂപാ പതിനാലു ചക്രം എട്ടു കാശു ആയി നിശ്ചയിച്ചിരിക്കുന്നു. [illegible] മാത്രം നെല്ലായി തന്നെ കൊടുക്കണം എന്നു നിശ്ചയിച്ചിരിക്കുന്നു. പഴയ പതിവനുസരിച്ച് ഉത്സവ സദ്യക്കു [illegible] സ്റ്റാണ്ടാർഡ് പറ അരി അനുവദിച്ചിരുന്നിരിക്കെ ഉത്സവ കാലത്തു സദ്യവകക്കായി ഇപ്പോൾ പുതുക്കിയ പതിവിൽ [illegible] സ്റ്റാണ്ടാർഡ് പറ അരി അനുവദിച്ചിരിക്കുന്നു. അരിക്കു വില പറ ഒന്നുക്ക് (൭൦) പത്തു പണമായും [illegible] ഉൾപ്പെടെ ഉപ്പ സാമാനങ്ങൾ വകയ്ക്കുള്ള ചിലവിനെ ഒരു പറ അരിക്കു (൨) രൂപാ വീതവും കണക്കു കൂട്ടി നിശ്ചയിച്ചിരിക്കുന്നു. എണ്ണനൊളിച്ച വകക്കുള്ള വെളിച്ചെണ്ണയെ [illegible] ഉള്ള ആവശ്യങ്ങൾ അനുസരിച്ച് [illegible] പറയിൽ നിന്നു [illegible] പറയായി കുറച്ചിരിക്കുന്നു. മേൽ വായിച്ച ഗവർന്മെണ്ടാജ്ഞയിൽ പറഞ്ഞിട്ടുള്ളതുപോലെ, അതിന്റെ വിലയെ പറ ഒന്നുക്ക (൩) മൂന്നു രൂപാ വീതം നിശ്ചയിക്കയും ചെയ്തിരിക്കുന്നു. പഴയ പതിവനുസരിച്ച് [illegible] വാദ്യക്കാർക്ക് (രൂപാ [illegible]) അറുപത്തി ഒന്നു രൂപാ [illegible] ചക്രം ഒരു കാശു ചിലവാകുന്നതിനെ ഇപ്പോൾ പുതുക്കിയ പതിവിൽ (രൂപാ ൫൭-൭൦-൦) അൻപത്തിഏഴു രൂപാ പത്തു ചക്രം ആയി കുറച്ചിരിക്കുന്നു. മേൽ വായിച്ച ഗവർന്മെണ്ടാജ്ഞയിൽ പറഞ്ഞിട്ടുള്ളതുപോലെ, ഉത്സവം മുഴുവനിലേക്കും നിശ്ചയിച്ചിട്ടുള്ള പണത്തുകയിൽ ആദ്യം [illegible]

നിർവ്വഹിക്കേണ്ട ചിലവു അകത്തെ പടിത്തരം വകക്കായിരിക്കണം, അകത്തെ പടിത്തര
ത്തിനുള്ള ചിലവു നിർവ്വഹിച്ച ശേഷം ഉത്സവ സംബന്ധമായി പുറത്തെ പടിത്തരത്തിനുള്ള
പതിവുകളെ കുറയ്ക്കേണ്ടതു ആവശ്യമായി കാണപ്പെട്ടാൽ, ഡിവിഷൻ പേഷ്കാർ ഒന്നാമതാ
യി അതാതുകാലത്തെ വകക്കുള്ള ബാലൻസിൽ നിന്നും പിന്നീടു എഴുന്നെള്ളിപ്പിനുള്ള തുക
യിൽ നിന്നും ഒടുവിലായി സദ്യ വകക്കുള്ള തുകയിൽ നിന്നും കുറവു ചെയ്യണം.

മാസവിശേഷത്തിനും ആട്ടവിശേഷത്തിനും ഉത്സവത്തിനും ഉള്ള പതിവുകളെ
യെല്ലാം പണമായി നിശ്ചയിച്ചിരിക്കുന്ന എന്നും ഈ സംഗതികളിൽ എല്ലാം അകത്തെ പ
ടിത്തരത്തെ യാതൊരു കുറവും കൂടാതെ നടത്തേണ്ടതാണെന്നും ധരിച്ചുകൊള്ളണം. സാമാ
നങ്ങളുടെ വിലവാശി നിമിത്തം മാസവിശേഷത്തിലും ആട്ടവിശേഷത്തിലും ഉള്ള പലേ അടി
യന്തിരങ്ങൾക്കു ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന തുക കൊണ്ടു ആ വക അടിയന്തിരങ്ങൾക്കുള്ള
ചിലവുകൾ നടത്തുന്നതിനു മതിയാകുന്നില്ല എന്നു വരാം. ഇപ്രകാരം ഉള്ള സംഗതിക
ളിൽ, ഉത്സവത്തിനുള്ള അകത്തെ പടിത്തരത്തിൽ യാതൊരു കുറവും ചെയ്യാതെ തന്നെ
ഉത്സവത്തിനുള്ള മുതലിൽ നിന്നു പണം എടുത്തു ഇതിലേക്കു ചിലവാക്കിക്കൊള്ളണം. ഏ
തായാലും, മാസവിശേഷത്തിനും ആട്ടവിശേഷത്തിനും ഉത്സവത്തിനും ആയി ആകപ്പാ
ടെ നിശ്ചയിച്ചിട്ടുള്ള ആകത്തുകയെ യാതൊരു കാരണത്താലും കവിഞ്ഞു ചിലവാക്കാൻ പാ
ടില്ല എന്നു വ്യക്തമായി ധരിച്ചിരിക്കേണ്ടതാകുന്നു.

൪. പലവക.

൧ാം ഇനത്തിൽ ൯൭൪-മാണ്ടത്തെ പതിവിൽ യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല.
പതിവട്ടം ചാലടാനം വകക്കും ൧ാം ആജ്ഞയുടെ അനുബന്ധത്തിൽ വിവരിച്ചിരിക്കുന്ന
മറ്റു ചില്ലറ ചിലവുകൾക്കും ആയി ൧ാം ഇനത്തിൽ ഇപ്പോൾ രൂപാ (൨-൨൬-൦) എട്ടു രൂ
പാ ഇരുപത്തിആറു ചക്രം അനുവദിച്ചിരിക്കുന്നു.

൫. ജീവനക്കാർ.

ദേവസ്വത്തിൽ ഇപ്പോൾ ഉള്ള ജീവനക്കാരേയും മേൽ അനുവദിച്ചിരിക്കുന്ന ജീവന
ക്കാരേയും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

ഇപ്പോഴത്തെ ജീവനക്കാർ				അനുവദിക്കപ്പെട്ട ജീവനക്കാർ			
ജീവനപ്പേര്	മാസം ഒന്നുക്കു ശമ്പളം			ജീവനപ്പേര്	മാസം ഒന്നുക്കു ശമ്പളം		
	രൂ	ച.	കാ.		രൂ	ച.	കാ.
൧ ത. അന്തിശാന്തി	൨	൭൨	൧൨	൧ ത. ശ്രീകാര്യക്കാറൻ	൧൨	൦	൦
൧ ത. ശ്രീപണ്ടാരക്കണക്ക	൨	൧൯	൪				
൧ ത. അകത്തെ കണക്ക	൦	൧൩	൧൨	൧ ത. കണക്കൻ	൪	൦	൦
൧ ത. ചാവിടം	൧	൧൬	൯				
൧ ത. തളിയാതിരി	൦	൧൫	൧൨	൧ ത. കഴകക്കാരൻ	൭	൦	൦
ആകെ	൧൰	൧൦	൦	ആകെ	൨൩	൦	൦

൬. [illegible] ഇല്ലാത്ത ജീവനക്കാരുടെ കാര്യത്തിൽ, ദേ
വസ്വത്തിലുള്ള ആവശ്യത്തിനു അനുസരണമായി ജീവനക്കാരെ [illegible] അവരുടെ
[illegible] ൧ാം ആജ്ഞയുടെ അനുബന്ധത്തിൽ കാണിച്ചിരിക്കുന്നതുപോലെ കൂട്ട
വും ചെയ്തിരിക്കുന്നു.

൭. മേൽ പറഞ്ഞതുപോലെ പുതുപ്പിക്കപ്പെട്ട വലിയശാല ദേവസ്വത്തിന്റെ പതിവുകളുടെ വകകൾ വിവരമായി ഒരു സ്റ്റേറ്റുമെണ്ട് ഈ ആജ്ഞയോടു അനുബന്ധിച്ചിരിക്കുന്നു. ആ ദേവസ്വംവകകൾ ആകെയുള്ള ചിലവു രൂപാ (൩൩൪൭ ൭-൫) മൂവായിരത്തി മുന്നൂററി നാല്പത്തിയേഴു രൂപാ അഞ്ചു ചക്രം ഒരു കാശു ആയിരുന്നതു ഇപ്രകാരം പുതുക്കിയതിന്റെ ഫലമായി, (രൂപാ ൭൩൬൧-൨൩-൧൦) ഏഴായിരത്തി മുന്നൂററി അറുപത്തി ഒന്നു രൂപാ ഇരുപത്തിമൂന്നു ചക്രം പത്തു കാശു ആയി കൂടിയിരിക്കുന്നു. ഈ കണക്കു അനുബന്ധിച്ചിരിക്കുന്നു. പുതുക്കിയ പതിവുകൾ ൧൦൯൧-ാമാണ്ടു ചിങ്ങമാസം ൧-നു മുതൽ നടപ്പിൽ വരുന്നതാകുന്നു.

ഉത്തരവിൻപ്രകാരം,
എം. രാജരാജവർമ്മാ,
ഗവർൺമെണ്ട് അണ്ടർ സെക്രട്ടറി.

൧. തിരുവനന്തപുരം ദിവാൻപേഷ്കാർക്കു,
൨. അക്കൌണ്ടാഫീസർക്കു,
൩. ഗസെററിലേക്കു,
൪. വർത്തമാനപത്രശാലക്കു.

(അനുബന്ധം പ്രത്യേകം പ്രസിദ്ധം ചെയ്യുന്നതായിരിക്കും.)

(A true translation)
K. Chidambara Vadhyar,
Head Translator to Government.

നംബർ S. R. ൧൫൯൩. പരസ്യം.

൧൯൧൪-ാം വർഷം ഡിസംബർമാസം ൨൩-ാംനു-ലെ S. R. ൨൭൭൧-ാം നംബർ പരസ്യത്തോടു ചേർത്തിരിക്കുന്ന പട്ടികയിൽ താഴെപ്പറയുന്ന ഭേദഗതികൾ ചെയ്യുന്നമെന്നു ൧൦൭൫-മാണ്ടത്തെ ൧-ാം റെഗുലേഷനായ തിരുവിതാംകോട്ടു കടൽ ചുങ്കം റെഗുലേഷൻ ൧൯-ാം വകുപ്പു അനുസരിച്ചു ഗവർൺമെണ്ടു ആജ്ഞാപിച്ചിരിക്കുന്നു —

I. ഒന്നാം കള്ളിയിൽ

"(൧) കാഞ്ഞിരത്തിൻകുരു,

(൨) ആവണക്കിൻകുരു, കടുകു, ചെറുചണവിത്തു, ഇവയിൽ നിന്നു ഉണ്ടാക്കപ്പെടുന്ന എണ്ണകൾ" ഒഴികെ "വൈദ്യസംബന്ധമായും ശസ്ത്രക്രിയ സംബന്ധമായും ഉള്ള എല്ലാമാതിരി സാമഗ്രികളും കോപ്പുകളും" എന്നുള്ളതിൽ "ഒഴികെ" എന്നതിനു മുമ്പായി,

"(൩) നീലവാക, മെഗ്നീഷ്യം സൽഫേറ്റ്, അയമോദകം, ചിരിയാതു, യൂഫാർബിയാപില്ലുലിഫേറാ, ശതകുപ്പ, ധൾവിത്തു, പശകൾ,"

എന്നു ചേർക്കണം.

II. രണ്ടാം കള്ളിയിൽ "വൈദ്യ സംബന്ധമായും ശസ്ത്രക്രിയ സംബന്ധമായും ഉള്ള എല്ലാമാതിരി സാമഗ്രികളും കോപ്പുകളും" കയററുമതി ചെയ്വാൻ പാടില്ലെന്നു വിരോധിച്ചിരിക്കുന്നതിനുള്ള ഒഴിവുകളിൽ "കരവഴിയായുള്ള ഏററുമതികളും, ചിലോണപട്ടയും നിയമാകയും യൂണൈട്ടെഡ് കിങ്ങ്ഡത്തിലേക്കു ഏററുമതി ചെയ്യുന്നതൊ ഒഴിച്ചു" എന്നതിനു പകരം "കരവഴിയായുള്ള ഏററുമതികളും, യൂണൈട്ടെഡ് കിങ്ങ്ഡത്തിലേക്കു ചിലോണപട്ട കയററുമതി ചെയ്യുന്നതിനേയും; യൂണൈട്ടെഡ് കിങ്ങ്ഡത്തിലേക്കൊ ഒരു ബ്രിട്ടീഷ് രാജ്യത്തിലേക്കൊ, ഫ്രാൻസിലേക്കൊ, അമേരിക്കയിൽ ഐക്യ സംസ്ഥാനങ്ങളിലേക്കൊ ചന്ദനവും കൊളംബോ (ഛേത്ര) കിഴങ്ങും കയററുമതി ചെയ്യുന്നതിനേയും"

എന്നു ചേർക്കണം.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൧൫ ജൂലൈ ൨൭-ാം.

എം. കൃഷ്ണൻ നായർ,
ദിവാൻ.

പരസ്യം.

നംബർ S. R. ൧൬൦൭.

൧൯൧൫-ാം വർഷം ജൂൺ മാസം ൨൨-ാംനിലെ S. R. ൧൨൭൪-ാം നംബർ പരസ്യത്തിൽ ഉൾപ്പെടുത്തി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ, യൂണൈട്ടെഡ് കിങ്ങ്ഡം, ഫ്രാൻസ്, ബ്രിട്ടീഷ് ഉടമസ്ഥതകളും ഒഴികെയുള്ള റഷ്യാ, സ്പെയിൻ, പോർട്ടുഗൽ എന്നിവ

ജ്യങ്ങളിലെ തുറമുഖങ്ങൾ ഒഴികെ യൂറോപ്പിലും, മെഡിട്ടറേനിയൻ കടലിലും, കരിങ്കടലിലും (Black Sea) ഉള്ള എല്ലാ തുറമുഖങ്ങളിലേക്കും, ഡെയ്ലാക്ക് (പച്ചരക്ക്), ഗംലാക്ക്, സ്റ്റിക്ക്ലാക്ക് (കോലരക്ക്) ഉൾപ്പെടെ എല്ലാ മാതിരി അരക്കുകളും കയററുമതി ചെയ്യരുതാ എന്നു ൧൦൭൧-ാമാണ്ടത്തെ ൩-ം റെഗുലേഷനായ തിരുവിതാംകോട്ട കടൽ ചുങ്കം റെഗുലേഷൻ ൧൭-ം വകുപ്പു അനുസരിച്ചു ഗവർൺമെണ്ടു വിരോധിച്ചിരിക്കുന്നു. എന്നാൽ ഇതിൽ അരക്കചായം ഉൾപ്പെടുത്തിട്ടില്ല. ഈ പരസ്യത്തിൽ ഉള്ള യാതൊന്നും

(I) രാജാവിനാലൊ രാജാവിൻെറ ഉപയോഗത്തിന്നായൊ കപ്പലിൽ കയററിയയക്കപ്പെടുന്ന ചരക്കുകൾക്കും,

(II) ഇൻഡ്യയിലുള്ള വല്ല തുറമുഖത്തേക്കും കപ്പലിൽ കയററി അയക്കപ്പെടുന്ന ചരക്കുകൾക്കും,

(III) (എ) ഇൻഡ്യയിലെ ഫ്രെഞ്ചുകാരുടെ വക രാജ്യത്തിലൊ പോർട്ടുഗീസ്കാരുടെ വക രാജ്യത്തിലൊ,

(ബി) ഇൻഡ്യയിലെ നാട്ടുസംസ്ഥാനങ്ങളിലൊ,

(സി) സിലോണിലൊ,

(ഡി) സ്ട്രെയിററ് സെററിൽമെൻടിലൊ; ഉപയോഗത്തിനായൊ ചിലവിനായൊ ആവശ്യപ്പെടുന്ന ചരക്കുകൾക്കും;

(IV) കടൽ യാത്രയിൽ ഉപയോഗത്തിന്നായൊ ചിലവിന്നായൊ കപ്പലിൽ കയററി കൊണ്ടുപോകപ്പെടുന്ന ചരക്കുകൾക്കും സംബന്ധിക്കുന്നതല്ല.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൦൯൩ ജൂലായി ൧൬-

എം. കൃഷ്ണൻ നായർ,
ദിവാൻ.

പരസ്യം.

നംബർ S. R ൧൦൩.

൧൯൧൭-ം വർഷം ജൂൺ മാസം ൧൬-ലെ S. R. ൧൦൧-ം നംബർ പരസ്യത്തെ ദുർബലപ്പെടുത്തി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ, യുണൈട്ടെഡ് കിങ്ഡം, ഫ്രാൻസ്, ബാൾട്ടിക്ക് തുറമുഖങ്ങൾ ഒഴികെയുള്ള റഷ്യാ, സ്പെയിൻ, പോത്തുഗൽ, എന്നീ രാജ്യങ്ങളിലെ തുറമുഖങ്ങൾ ഒഴികെ യൂറോപ്പിലും, മെഡിട്ടറേനിയൻ കടലിലും കരിങ്കടലിലും (Black Sea) ഉള്ള എല്ലാ തുറമുഖങ്ങൾക്കും ചരക്കാക്കാത്ത പഞ്ഞി കയററുമതി ചെയ്യരുതാ എന്നു ൧൦൭൧-മാണ്ടത്തെ ൩-ം റെഗുലേഷനായ തിരുവിതാംകോട്ട കടൽ ചുങ്കം റെഗുലേഷൻ ൧൭-ം വകുപ്പു അനുസരിച്ചു ഗവർൺമെണ്ടു വിരോധിച്ചിരിക്കുന്നു. എന്നാൽ ഈ പരസ്യത്തിൽ ഉള്ള യാതൊന്നും

(I) രാജാവിനാലൊ രാജാവിൻെറ ഉപയോഗത്തിന്നായൊ കപ്പലിൽ കയററിയയക്കപ്പെടുന്ന ചരക്കുകൾക്കും;

(II) ഇൻഡ്യയിലുള്ള വല്ല തുറമുഖത്തേക്കും കപ്പലിൽ കയററി അയക്കപ്പെടുന്ന ചരക്കുകൾക്കും;

(III) (എ) ഇൻഡ്യയിലെ ഫ്രെഞ്ചുകാരുടെ വക രാജ്യത്തിലൊ പോത്തുഗീസകാരുടെ വക രാജ്യത്തിലൊ,

(ബി) ഇൻഡ്യയിലെ നാട്ടുസംസ്ഥാനങ്ങളിലൊ,

(സി) സിലോണിലൊ,

(ഡി) സ്ട്രെയിട്ട്സ് സെട്ടിൽമെണ്ടിലൊ, ഉപയോഗത്തിനായൊ ചിലവിനായൊ ആവശ്യമുള്ള ചരക്കുകൾക്കും,

(IV) കടൽയാത്ര ചെയ്യുമ്പോൾ ഉപയോഗത്തിന്നായൊ ചിലവിന്നായൊ കപ്പലിൽ കയററി കൊണ്ടുപോകപ്പെടുന്ന ചരക്കുകൾക്കും,

സംബന്ധിക്കുന്നതല്ല.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൧൭ ജൂലായി ൧൭-

എം. കൃഷ്ണൻ നായർ,
ദിവാൻ.

നംബർ. ജെ. ൩൧൦൦.

പരസ്യം.

ഉദ്യോഗജോലികൾ നിർവഹിക്കുന്നതിനായി തിരുവിതാംകോട്ടിൽ പ്രവേശിക്കുന്ന ബ്രിട്ടീഷ് ഇൻഡ്യയിലെ പോലീസ് ആഫീസർമാരെയും, എക്സൈസ് ആഫീസർമാരെയും ൧൦൮൨-ാമാണ്ടത്തെ ൪-ാം റെഗുലേഷനായ ആയുധ റെഗുലേഷനിൽ അടങ്ങിയിരിക്കുന്ന നിരോധനങ്ങളുടേയും നിയന്ത്രണങ്ങളുടേയും പ്രവർത്തനത്തിൽ നിന്നു ആ റെഗുലേഷനിലെ ൨൩-ാം വകുപ്പു അനുസരിച്ചു ഒഴിവാക്കിയിരിക്കുന്നു എന്നു ഇതിനാൽ പരസ്യപ്പെടുത്തിയിരിക്കുന്നു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം,
൧൯൧൫ ആഗസ്റ്റ് ൧൨-ാം.

ദിവാൻ എം. കൃഷ്ണൻ നായർ,
ദിവാൻബഹാദർ.

നമ്പർ ജെ. ൩൧൦൯.

പരസ്യം.

൧൦൮൭-ാമാണ്ടത്തെ ൨-ാം റെഗുലേഷനായ ധർമ്മസ്ഥാപനറെഗുലേഷൻ എന്ന കാര്യവും തിരുവനന്തപുരം രാജകീയ കാളേജിൽ "ആർ. എസ്. ലെപ്പർ സ്മാരക ധർമ്മസ്ഥാപനം" എന്ന കാര്യവും സംബന്ധിച്ചു

ഇതിനാൽ പരസ്യപ്പെടുത്തുന്നതു എന്തെന്നാൽ "ആർ. എസ്. ലെപ്പർ സ്മാരക ഫണ്ട്" ട്രഷറാരുടെ പേരിൽ തിരുവനന്തപുരം മേജർ ട്രഷറിയിൽ സർക്കാർ സേവിംഗ്സ് ബാങ്കിൽ ഇപ്പോൾ ഇട്ടിരിക്കുന്നതും ഇതോടു ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്നതും ആയ മുതൽ, ഈ പരസ്യം പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ തിരുവിതാംകോട്ടിലെ ധർമ്മസ്ഥാപനഭണ്ഡാരക്കാരനിൽ ഇരിക്കുന്നതും തിരുവനന്തപുരം രാജകീയ കാളേജിൽ മേൽ പറഞ്ഞ "ആർ. എസ്. ലെപ്പർ സ്മാരക ധർമ്മസ്ഥാപനത്തിന്റെ" കാര്യവിചാരണയും, ൧൦൮൭-ാമാണ്ടത്തെ ൨-ാം റെഗുലേഷനായ ധർമ്മസ്ഥാപനറെഗുലേഷനിലെ ൪-ാം വകുപ്പു അനുസരിച്ചുള്ള റിപ്പോർട്ടിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾക്കായും നിബന്ധനകൾക്കുൾപ്പെട്ടും അയാളും അയാളുടെ ഉത്തരാധികാരികളും (൧൦൮൭-ാമാണ്ടത്തെ ൨-ാം റെഗുലേഷനായ മേൽ പറഞ്ഞ ധർമ്മസ്ഥാപന റെഗുലേഷനിലെ വ്യവസ്ഥകൾക്കും ആ റെഗുലേഷൻ പ്രകാരം ഗവർൺമെണ്ട് അതാതു സമയം ഉണ്ടാക്കാവുന്ന വല്ല ചട്ടങ്ങൾക്കും) ഭരമേൽപ്പായി വച്ചുകൊള്ളുന്നതും ആകുന്നു എന്നു ൧൦൮൭-ാമാണ്ടത്തെ ൨-ാം റെഗുലേഷനായ ധർമ്മസ്ഥാപനറെഗുലേഷനിലെ ൪-ാം വകുപ്പിനാൽ നൽകപ്പെട്ട അധികാരം അനുസരിച്ചു ദിവാൻ ഇതിനാൽ ആജ്ഞാപിക്കുന്നു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം,
൧൯൧൫ ആഗസ്റ്റ് ൧൨-ാം.

ദിവാൻ എം. കൃഷ്ണൻ നായർ,
ദിവാൻബഹദൂർ.

പട്ടിക.

തിരുവനന്തപുരം മേജർ ട്രഷറിയിൽ സർക്കാർ സേവിംഗ്സ്ബാങ്ക് നിക്ഷേപകണക്ക

നംബർ ൨൫൬൭ P. A.

കണക്കിൽ മതൽ രണ്ടായിരത്തി മുന്നൂറ്റി അറുപത്താറു രൂപാ നാലു ചക്രം മൂന്നു കാശു.

രൂ. ച. കാ
(൨൩൬൬ ൪ ൩)

പരസ്യം.

നംബർ ൩൧൧൪ ൧.

൧൦൮൪-ാമാണ്ടത്തെ ൪-ാം റെഗുലേഷനാലും ൧൦൮൭-ാമാണ്ടത്തെ ൨-ാം റെഗുലേഷനാലും ഭേദപ്പെടുത്തി നന്നാക്കപ്പെട്ട ൧൦൭൩-ാമാണ്ടത്തെ ൩-ാം റെഗുലേഷനായ പട്ടയങ്ങളുടെ സംരക്ഷണത്തിനും പരിഷ്കാരത്തിനും ഉള്ള റെഗുലേഷന്റെ ൨൦-ാം വകുപ്പു ൨-ാം ക്ലാസ്സു അനുസരിച്ചു ഇതിനാൽ കല്പനപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ മിസ്റ്റർ പത്മനാഭ അയ്യർ എൻ. ജി. എന്ന ആളെ നാഗർകോവിൽ പട്ടയം വിചാരണ കച്ചേരിയിൽ ഒരു അനന്ത്യോഗസ്ഥസബ്‌രജിസ്ട്രാരായി മൂന്നു വർഷകാലത്തേക്കു നിയമിച്ചിരിക്കുന്നു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം,
൧൯൧൫ ആഗസ്റ്റ് ൭-ാം.

ഉത്തരവിൻപ്രകാരം,
റ്റി. ഒ. ടിമന്റ്
ഗവർൺമെണ്ട് ചീഫ് സെക്രട്ടറി.

പരസ്യം.

നംബർ [illegible]

[illegible] റെഗുലേഷനാലും [illegible]മാണ്ടത്തെ [illegible]ാം റെഗുലേഷനാ [illegible]ണ്ടത്തെ [illegible]ാം റെഗുലേഷനായ [illegible] പട്ടണങ്ങളുടെ [illegible] ഉള്ള റെഗുലേഷൻ [illegible]ാം വകുപ്പു അനുസരിച്ചു [illegible] നാഗർകോവിൽ പട്ടണപരിഷ്കരണ കമ്മറ്റിയിൽ [illegible] മിസ്റ്റർ [illegible] ഡാനിയൽ എം. ഐ. എൽ കിയെ വീണ്ടും ആ കമ്മറ്റിയിലെ വൈസ് പ്രസിഡണ്ടായി നിയമിക്കുന്നതിനു കല്പിച്ചു അനുവദിച്ചിരിക്കുന്നു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
[illegible] ആഗസ്റ്റ് [illegible].

ഉത്തരവിൻപ്രകാരം,
എ. ജെ. വിയറാ,
ഗവർമ്മെൻറ ചീഫ് സെക്രിട്ടറി.

നംബർ L. R. [illegible]

അറിയിപ്പു.

പബ്ലിക് കാര്യങ്ങൾക്കായി കുടികളുടെ പേരിൽ പതിഞ്ഞിട്ടുള്ള ഭൂമികൾ സർക്കാരിലേക്കു എടുക്കുന്നതിനെ സംബന്ധിച്ചു ഉണ്ടായിട്ടുള്ള [illegible]-ലെ [illegible] റിഗുലേഷൻ [illegible] വകുപ്പനുസരിച്ചു തെര്യപ്പെടുത്തുന്നതു.

[illegible] ഒരു ചന്തയും വണ്ടിപ്പേട്ടയും സ്ഥാപിക്കുന്നതിലേക്കായി പീരുമേട താലൂക്കിൽ കാഞ്ഞിരപ്പള്ളി പകുതിയിൽ സർവെ [illegible] A, [illegible] B, [illegible] D, ഈ നമ്പർ പുരയിടങ്ങളിൽ നിന്നും ൧ ഏക്കർ ൧൦ സെൻറ സ്ഥലം എടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

എടുപ്പാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തിൻെറ പ്ലാൻ ദേവികുളം ഡിവിഷൻ കച്ചേരിയിൽ ചെന്നാൽ കാണാവുന്നതാണ്.

ഹജൂർകച്ചേരി, തിരുവനന്തപുരം,
[illegible] ആഗസ്റ്റ് [illegible].

എ. ജെ. വിയറാ,
ഗവർമ്മെണ്ട് ചീഫ് സെക്രിട്ടറി.

നംബർ L. R. [illegible]

അറിയിപ്പു.

ഇരണിയൽ ചാവറവണ്ടി ഡിപ്പോ വകയ്ക്കു ഇരണിയൽ താലൂക്കിൽ ഇരണിയൽ പകുതിയിൽ സർവെ [illegible] നമ്പർ പുരയിടത്തിൽ നിന്നും [illegible] സെൻറ സ്ഥലം [illegible]മാണ്ടത്തെ [illegible]-റിഗുലേഷൻ [illegible] വകുപ്പനുസരിച്ചു വിലയ്ക്കുകൊള്ളുവാൻ നിശ്ചയിച്ചിരിക്കുന്നു.

വിലയ്ക്കുകൊള്ളുവാൻ ആലോചിച്ചിട്ടുള്ള സ്ഥലത്തിൻെറ പ്ലാൻ പത്മനാഭപുരം ഡിവിഷൻ അസിസ്റ്റൻറാഫീസിൽ ചെന്നാൽ കാണാം.

ഹജൂർ കച്ചേരി, തിരുവനന്തപുരം,
[illegible] ആഗസ്റ്റ് [illegible].

എ. ജെ. വിയറാ
ഗവർമ്മെണ്ട ചീഫ് സെക്രിട്ടറി

നംബർ L. R. [illegible]

പരസ്യം.

ഇരണിയൽ ചാവറ ഡിപ്പോ വകയ്ക്കു ഇരണിയൽ താലൂക്കിൽ ഇരണിയൽ പകുതിയിൽ സർവെ [illegible] നമ്പർ പുരയിടങ്ങളിൽനിന്നു [illegible] സെൻറ സ്ഥലം വിലയ്ക്കു കൊള്ളുവാൻ നിശ്ചയിച്ചിരിക്കുന്നതായി [illegible]-ാം വർഷം [illegible] മാസം [illegible]-ാംയിലെ സർക്കാർഗസെററിൽ [illegible] പുറത്തിൽ [illegible] വർഷം [illegible] മാസം [illegible]-ാംയിലെ [illegible] എൽ. ആർ. [illegible] നമ്പരായി പ്രസിദ്ധപ്പെടുത്തിയിരുന്ന അറിയിപ്പിനെ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഹജൂർ കച്ചേരി, തിരുവനന്തപുരം,
[illegible] ആഗസ്റ്റ് [illegible].

എ. ജെ. വിയറാ,
ഗവർമ്മെണ്ട് ചീഫ് സെക്രിട്ടറി.

നംബർ [illegible]/L. R.

പരസ്യം.

സകലമാനപേരുകളും അറിയുന്നതിനായി കല്പനപ്രകാരം ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ, [illegible] വർഷം ആഗസ്റ്റ്മാസം [illegible]-ാംലെ ഏലകൃഷി ചട്ടങ്ങളിൽ രണ്ടാമത്തെ ചട്ടത്തിൻെറ ഒടുവിലത്തെ പാരാവിനെ താഴെയെഴുതിയിരിക്കും പോലെ ഭേദപ്പെടുത്തിയിരിക്കുന്നു:—

പുതുതായി ഭൂമികൾ പതിച്ചു കൊടുക്കുന്ന കാര്യത്തിൽ, കൃഷിക്കാർ അനുവാദത്തോടു കൂടി ആ ഭൂമികളിൽ പ്രവേശിക്കയാണെങ്കിൽ കരം പട്ടയം കൊടുക്കുന്ന തീയതി മുതൽ ൪ വർഷത്തേക്കു ഏക്കർ ഒന്നുക്കു (൧) ഒരു ബ്രിട്ടീഷ് രൂപാ വീതവും അഞ്ചാമത്തെ വർഷം മുതൽ ഏക്കർ ഒന്നുക്കു (൨) രണ്ടു ബ്രിട്ടീഷ് രൂപാ വീതവും ആയിരിക്കും; എന്നാൽ അനുവാദം കൂടാതെ ഭൂമികളിൽ പ്രവേശിച്ചിരിക്കയാണെങ്കിൽ, അനുഭവിക്കാൻ തുടങ്ങിയ തീയതി മുതൽ ഏക്കർ ഒന്നുക്കു (൨) രണ്ടു ബ്രിട്ടീഷ് രൂപാ വീതം ഉള്ള ഏറ്റവും കൂടുതലായ കരം ചുമത്തുന്നതാകുന്നു.

(ഉത്തരവിൻപ്രകാരം,)
എം. രാജരാജവർമ്മ,
ഗവർമ്മെണ്ടു അണ്ടർ സെക്രട്ടറി.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൦൯൦ ജൂലൈമാസം ൩൧-.

൧൦൮൮-ലെ വനം ഡിപാർട്ടുമെണ്ടു കോഡിനു തിരുത്തൽ.

൭൧-ാം പുറത്തിൽ ൧൧൭-ാം ചട്ടത്തിൽ ൩-ാം വരിയിൽ

"ഒരു" എന്നതിനു പകരം "ഗവർമ്മെണ്ടും കൺസർവേട്ടരും ഡിവിഷനൽ ഫാറസ്റ്റാഫീസരും അനുവദിക്കുന്ന" എന്നു ചേർക്കണം.

൭൧- പുറത്തിൽ ൧൧൯-ാം ചട്ടത്തിൽ (1)-ാം ഉപവാക്യത്തിലെ ഒന്നാമത്തെ വാചകത്തിനു പകരം "ആ വിധം ഉള്ള ഓരോ പണിയും പൂർത്തിയായാൽ ൧൯-ാം നംബർ ഫാറത്തിൽ പൂർത്തിയായ വിവരത്തിനു ഒരു റിപ്പോർട്ടു എഴുതി ഡിവിഷനൽ ഫാറസ്റ്റ് ആഫീസർ കൺസർവേട്ടർക്കു അയക്കണം. ഈ റിപ്പോർട്ടുകളെ ഒത്തു നോക്കിയതിൽ പിന്നീടു കൺസർവേട്ടർ അക്കൌണ്ടാഫീസിലേക്കു അയക്കണം.

ഉത്തരവിൻപ്രകാരം,
ടി. ആർ. രാമയ്യർ,
ഫിനാൻഷ്യൽ സെക്രട്ടറി.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൦൯൦ ജൂലൈ ൨൯-.

പരസ്യം.

നംബർ ൨൧൪൬.

തെക്കൻ ഡിവിഷൻ സ്റ്റേട്ട്ജിയാളജിസ്റ്റിന്റെ ആഫീസിനെ നിറുത്തൽ ചെയ്തു നിമിത്തം വേലയിൽ നിന്നു വിടുതൽ ചെയ്യുന്നതാണെന്നു അറിയിപ്പു കൊടുക്കപ്പെട്ടിരിക്കുന്ന ജിയാളജിക്കൽ ഡിപ്പാർട്ടുമെണ്ടിലെ കീഴ്ജീവനക്കാരുടെ ലിസ്റ്റ് താഴെ ചേർത്തിരിക്കുന്നു. ഈ ലിസ്റ്റിനെ എല്ലാ ഡിപ്പാർട്ടുമെണ്ടു മേലധികാരികളും ആഫീസു മേലധികാരികളും ശ്രദ്ധിക്കേണ്ടതും നിവൃത്തിയുള്ളിടത്തോളം ഇവരെ തക്കതായ ഒഴിവുകൾക്കു നിയമിക്കേണ്ടതും ആകുന്നു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൦൯൦ ജൂലായി ൧൨-

എം. രാജരാജവർമ്മ,
ഗവർമ്മെണ്ട് ചീഫ് സെക്രട്ടറിക്കുവേണ്ടി.

വയസ്സ്, ശമ്പളം, യോഗ്യത, സർവീസ് മുതലായ വിവരങ്ങളെ കാണിക്കുന്ന സ്റ്റേട്ടുമെണ്ട്.

നംബർ	പേരു	വയസ്സ്	ശമ്പളം	യോഗ്യത	സർവീസ്	റിമാർക്കു
൧	പി. എം. ജാജ്	൩൦ (൧൦൬൦-മാണ്ടു മിഥുനമാസ ൧൪-ാം ജനനം)	൨൦ രൂപാ	മദ്രാസ് യൂനിവെർസിറ്റിയിലെ മെട്രിക്കുലേഷൻ പരീക്ഷയും രണ്ടാം ഗ്രേഡ് പ്ലീഡർഷിപ്പ് പരീക്ഷയും	൧൦൮൦-മാണ്ടു മിഥുന മാസം ൧൬- ഏഴു വർഷത്തെ സർവീസ് തികഞ്ഞിരിക്കുന്നു	
൨	പി. ശങ്കരപിള്ള	൨൯ വർഷവും ൯ മാസവും (൧൦൬൧-മാണ്ടു കന്നിമാസം ൨൩- ജനനം)	൭ രൂപാ	ഒരു വിധം ഇംഗ്ലീഷ് പരിജ്ഞാനം ഉണ്ടു	ഏഴു വർഷവും എട്ടു മാസവും	

സബ് ട്രെഷറി മാനുവലിനു തിരുത്തൽ.

൧൦-ാം പുറം ൨൩-ാം വകുപ്പിലെ (എ) ഖണ്ഡത്തെ വിട്ടേക്കണം.

൨൩-ാം വകുപ്പു (ബി) ഖണ്ഡത്തിൽ "സബ് ട്രെഷറിക്കു സമീപം ഡിപ്പാർട്ടുമെന്റിൽ ആഫീസർ ആരും ഇല്ലാതെയോ അല്ലെങ്കിൽ അദ്ദേഹത്തെക്കൊണ്ടു ചെല്ലാനിൽ എഴുതിച്ചു വരുത്തുന്നതു സൌകര്യമില്ലാതെയോ ഇരിക്കുകയും" എന്നതിനെ വിട്ടേക്കണം.

൨൩-ാം വകുപ്പു (ബി) ഖണ്ഡം മുതൽ ൨൩-ാം വകുപ്പു (എഫ്) ഖണ്ഡം വരെ വകുപ്പുകളെ ൨൩ (എ) മുതൽ ൨൩ (ഇ) വരെ എന്നു യഥാക്രമം നമ്പരിടണം.

൧൦൮൫-ലെ വനംഡിപ്പാർട്ടുമെന്റുകോഡിനു തിരുത്തൽ.

നാ-ാം പുറം ൧൦൭-ാം ചട്ടത്തിൽ അഞ്ചും ആറും വരികളിൽ "ഓരോ ഇനത്തിലും ആയിരത്തിൽ (൧൦൦൦) രൂപാ കവിയാതെ" എന്നതിനു പകരം

"ഓരോ സ്ഥലത്തിലും ഓരോ പുതിയതായ പണിക്കും (൧൦൦) ഇരുനൂറു രൂപാ" എന്നു ചേർക്കണം.

